മി. സ്പീക്കർ: ഓർഡർ..........ഓർഡർ........... ചോദ്യം നം.*31

## നികുതി ചോർച്ച തടയാൻ നടപടി

(*31) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നികുതി വരുമാനത്തിലുള്ള വളർച്ച, സാധ്യതകൾക്കനുസൃതമായി ഉയരാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) നികുതി ചോർച്ച തടയുന്നതിന് എന്തൊക്കെ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഉദ്യോഗസ്ഥ തലത്തിലുള്ള കെടുകാര്യസ്ഥതയും അഴിമതിയും നികുതി ചോർച്ചയ്ക്ക് ഒരു മുഖ്യകാരണമായതിനാൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) സംസ്ഥാനത്തെ നികുതി വരുമാനത്തിന്റെ വളർച്ച സാധ്യതകൾക്കനുസൃതമായി ഉയരാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ട്.

സംസ്ഥാന VAT നികുതി വരുമാനം 2006-11 കാലത്ത് 17.41 ശതമാനം വച്ച് വളർന്നപ്പോൾ 2011-2016 കാലത്ത് 12.5 ശതമാനം നിരക്കിലേ വളർച്ച ഉണ്ടായുള്ളൂ.

സാദ്ധ്യതയ്ക്കനുസരിച്ച് വാണിജ്യ നികുതി വരുമാനം ഉയരാത്തതിന് പല കാരണങ്ങളുണ്ട്. സംസ്ഥാന ആഭ്യന്തര വരുമാനത്തിൽ ഇക്കാലത്ത് മുരടിപ്പ് ഉണ്ടായിട്ടുണ്ട്. എന്നാൽ സംസ്ഥാന വരുമാനത്തിലുണ്ടായ ഇടിവിനെക്കാൾ വലിയ തോതിലാണ് നികുതി വരുമാനത്തിൽ കുറവുണ്ടായത്. അതുപോലെ ഗൾഫിൽനിന്നും മറ്റുമുള്ള പുറംവരുമാനം വർദ്ധിക്കുകയായിരുന്നു എന്നതുംകൂടി കണക്കിലെടുക്കണം. മാത്രമല്ല VAT നികുതി നിരക്കുകളിൽ സമീപകാലത്ത് ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുമുണ്ട്. ഇവയെല്ലാംമൂലം സംസ്ഥാന ആഭ്യന്തര വരുമാനത്തിലുണ്ടായ ഇടിവാണ് നികുതി വരുമാനത്തിലുണ്ടായ കുറവിന് കാരണം എന്ന് സർക്കാർ കരുതുന്നില്ല.

നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ച ഒരു ഘടകം വർദ്ധിച്ചുവരുന്ന അഴിമതിയും സർക്കാർ സ്റ്റേകളും തന്മൂലം വർദ്ധിച്ച കുടിശ്ശികയുമാണ്. നികുതി മേഖലയിൽ സാങ്കേതിക നവീകരണം നടന്നില്ല. വാണിജ്യ നികുതി വകുപ്പിലെ സർവ്വറിന്റെ ശേഷി വർദ്ധിപ്പിച്ചില്ല. ഇത് നികുതി ഭരണത്തിൽ വരുത്തുന്ന പ്രയാസങ്ങൾ നിരവധിയാണ്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ആദ്യഘട്ടത്തിൽ

ഉപയോഗിച്ച സോഫ്റ്റ്‌വെയർ അതുപോലെ തുടരുകയാണ്. ചെറിയ നവീകരണം വരുത്തിയാൽ തന്നെ ഗണ്യമായ തോതിൽ നികുതി ചോർച്ച തടയാൻ കഴിയുമെന്ന് C&AG തന്നെ ചൂണ്ടിക്കാട്ടിയതാണ്. നികുതി പിരിവിലെ കാര്യക്ഷമതയും ഇല്ലാതായി. ഇതിനേറ്റവും നല്ല സൂചിക സ്ക്രൂട്ടിനി ചെയ്യപ്പെടുന്ന റിട്ടേണുകളുടെ ശതമാനം വളരെ താഴ്ന്നതാണ്. സ്ക്രൂട്ടിനിയോ ഓഡിറ്റ് വിസിറ്റോ മൂലമുണ്ടാകുന്ന അധിക ഡിമാന്റും വളരെ ചെറുതാണ്.

രജിസ്ട്രേഷൻ വകുപ്പിൽ നൽകിയ ചില ഇളവുകൾ വരുമാനത്തെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എക്സൈസ് നികുതി, വാറ്റ് നികുതിയേക്കാൾ മെച്ചപ്പെട്ട പ്രകടനമാണ് കാണിച്ചത്. മദ്യ ലഭ്യതയിൽ വരുത്തിയ നിയന്ത്രണം നികുതി വരുമാനത്തിൽ പ്രകടമായിട്ടില്ല. മദ്യ നികുതിയിൽ വരുത്തിയ വർദ്ധനവ് മൂലമാണിത്. എന്നാൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് നികുതി വളർച്ചാ നിരക്ക് കുറഞ്ഞിട്ടുണ്ട്.

മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി ഇനത്തിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ 23 ശതമാനത്തോളം വളർച്ചാനിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് 2015-16 സാമ്പത്തിക വർഷം 7 % വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(ബി) വാണിജ്യ നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിന് പല പദ്ധതികളും ആവിഷ്കരിച്ചുവരുന്നു.

1) ഏറ്റവും പ്രധാനം അഴിമതി ഇല്ലാതാക്കലാണ്.

2) കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

3) ഉപഭോക്താക്കൾ ബിൽ ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയംതന്നെ അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.

4) കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

5) ആധുനിക സംയോജിത ചെക്ക്പോസ്റ്റുകൾ സമയബന്ധിതമായി സ്ഥാപിക്കും.

6) അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയുംവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

7) റിട്ടേൺ സ്കൂട്ടിനി, കുടിശ്ശിക അസെസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.

8) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

9) നികുതി ചോർച്ച തടയുന്നതിന് റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളും കർശന നടപടി സ്വീകരിക്കും.

10) അനധികൃത മദ്യ വിൽപ്പനയ്ക്കെതിരെ എക്സൈസ് വകുപ്പ് കർശന നിലപാട് സ്വീകരിക്കും.

11) വാഹനങ്ങളുടെ സീറ്റിംഗ് കപ്പാസിറ്റി കുറച്ചുകാണിക്കുക, പർച്ചേസ് വാല്യൂ കുറച്ച് കാണിക്കുക തുടങ്ങിയവയിലൂടെയുള്ള നികുതി തട്ടിപ്പിനെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ കൈക്കൊള്ളും.

(സി) വിവിധ തലങ്ങളിലുള്ള അഴിമതി നികുതിവരുമാന വളർച്ചയെ പ്രതികൂലമായി ബാധിച്ചുവെന്നതാണ് സർക്കാരിന്റെ നിലപാട്. നികുതി ഭരണം ആധുനീകരിച്ചും അതുവഴി കാര്യക്ഷമമാക്കിയും അഴിമതി ഇല്ലാതാക്കുകയെന്നത് സർക്കാർ മുൻഗണന നൽകുന്ന കാര്യമാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u> സർ, സംസ്ഥാനത്തിന്റെ നികുതി വരുമനത്തിന്റെ വളർച്ച സാധ്യതകൾക്കനുസൃതമായി ഉയർന്നിട്ടില്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രി ആയിരുന്ന ഘട്ടത്തിൽ

മാതൃകാപരമായ ഒട്ടേറെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. പ്രത്യേകിച്ച് കുപ്രസിദ്ധമായിരുന്ന വാളയാർ ചെക്ക്പോസ്റ്റ് അഴിമതിരഹിതമാക്കി മാറ്റുന്നതിന് വളരെ രചനാത്മകമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. എന്നുമാത്രമല്ല അക്കാലത്ത് നികുതി വരുമാനത്തിൽ സർവ്വകാല റെക്കോഡ് ഉണ്ടാക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞിട്ടുമുണ്ട്. ഇന്ന്, വാളയാറും അതുപോലുള്ള ചെക്ക്പോസ്റ്റുകളും പഴയ അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. സത്യം പറഞ്ഞാൽ വാളയാർ ഇന്നൊരു നാഥനില്ലാ കളരിയാണ്. പലപ്പോഴും മണിക്കൂറുകളോളം വാഹനങ്ങൾ ക്യൂവിൽ നിൽക്കുയും പരിശോധന ഫലപ്രദമല്ലാതാവുകയും ചെയ്യുന്നു. കമ്പിപ്പാര കൊണ്ട് കുത്തുന്നതുപോലുള്ള പ്രാകൃതമായ പരിശോധനകൾ ഇപ്പോഴും തുടരുകയാണ്. അങ്ങിവിടെ പരിഷ്കാര നടപടികൾ പ്രഖ്യാപിച്ചു. അങ്ങയുടെ കാലത്തുണ്ടായിരുന്നതുപോലെ അഴിമതിരഹിത വാളയാർ മാത്രമായി ചുരുക്കാതെ കേരളത്തിലെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ കൂടി അഴിമതിരഹിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; അതോടൊപ്പം അങ്ങിവിടെ സൂചിപ്പിച്ചതുപോലെ കമ്പ്യൂട്ടർ സംവിധാനം പഴയ രീതിയിലുള്ളതാണ്. ഏറ്റവും മോഡേൺ ആയിട്ടുള്ള കമ്പ്യൂട്ടർ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, വാളയാർ ഒരു ദുരന്ത കഥയാണ്. വാളയാർ ചെക്ക്പോസ്റ്റ് സംയോജിത ചെക്ക്പോസ്റ്റായി മാറ്റി നവീകരിക്കുന്നതിന് 15 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ട് ഇപ്പോൾ 15 വർഷമായി. 10 വർഷമായി വിധി പ്രസ്താവിക്കാൻ മാറ്റിവച്ചിരിക്കുകയാണ്. പരിസ്ഥിതി പ്രശ്നമാണ് വിഷയമായി പറയുന്നത്. അവിടെയുള്ള ഒരു പൊട്ടക്കുളം ചുറ്റും മതിൽകെട്ടി സംരക്ഷിക്കാമെന്ന് പറഞ്ഞിട്ടുപോലും വിധി പറയാതെ നീട്ടിക്കൊണ്ടുപോവുകയാണ്. വിധി പറഞ്ഞാൽ പ്രശ്നമില്ലായിരുന്നു. ഇപ്പോൾ ക്യൂവിൽ കിടക്കുന്ന വണ്ടികളിൽ നിന്നുള്ള പുകമൂലം പരിസ്ഥിതി വിനാശം ഉണ്ടാവുകയാണ്. ദേശീയ നഷ്ടവും ഉണ്ടാകുന്നു. ഇത് വളരെ പ്രയാസമുണ്ടാക്കുന്ന സ്ഥിതിവിശേഷമാണ്. മാറിമാറി വന്ന സർക്കാരുകളെല്ലാം ഇതിനായി പരിശ്രമിച്ചിട്ടുണ്ട്. അവിടെ നവീകരണം നടക്കാത്തതിന്റെ പ്രധാനപ്പെട്ട കാരണമിതാണ്. ഇതും അഴിമതിയും തമ്മിൽ നേരിട്ടുള്ള ബന്ധമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ച അഞ്ച് വർഷം ഒരു അഴിമതി കേസ്സുപോലും അവിടെ ഉണ്ടായിട്ടില്ലെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. രണ്ടുവർഷം ഇതേ സ്ഥിതി തന്നെ തുടരുകയും ഇക്കാര്യം അഭിമാനത്തോടെ ഉദ്യോഗസ്ഥർ പറയുകയും ചെയ്യുമായിരുന്നു. മൂന്നാംവർഷം മുതൽ കാര്യങ്ങൾ മാറി. ഇപ്പോൾ അവിടെ

അവസാനമുണ്ടായ കഥ എന്നോട് ഒരാൾ ഫോണിൽ പറയുകയുണ്ടായി. വണ്ടി കടന്നുവന്നപ്പോൾ പതിവുപോലെ പടി ചോദിച്ചു. ഇല്ലെന്ന് പറയുകയും, ഇപ്പോൾ എൽ.ഡി.എഫ്. അല്ലേ ഭരിക്കുന്നതെന്ന് തിരിച്ചു ചോദിക്കുകയും ചെയ്തു. എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും, പക്ഷേ നമുക്ക് കിട്ടാനുള്ളത് കിട്ടണമെന്ന് അപ്പോൾ ആ സരസൻ പറഞ്ഞുവത്രേ. അവർക്ക് കിട്ടാനുള്ളത് കൊടുക്കാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. അഴിമതി സർവ്വശക്തിയുമുപയോഗിച്ച് അവസാനിപ്പിക്കും, വാളയാർ അഴിമതി വിമുക്തമാക്കും.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u> സർ, കേരളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിലും ചെറിയ നഗരങ്ങളിലുമൊക്കെ ധാരാളം സ്വർണ്ണക്കടകൾ വരുന്നുണ്ട്. സ്വർണ്ണാഭരണങ്ങളുടെ കച്ചവടത്തിന് അനുസൃതമായിട്ടുള്ള നികുതി നമുക്ക് ലഭിക്കുന്നുണ്ടോ; ഇല്ലെന്നാണ് പ്രാഥമികമായിട്ടുള്ള പരിശോധനകളിൽ നിന്നും വ്യക്തമാകുന്നത്. സ്വർണ്ണാഭരണങ്ങളുടെ വിൽപ്പനയ്ക്കനുസൃതമായിട്ടുള്ള നികുതി ഖജനാവിലേയ്ക്ക് കൊണ്ടുവരുന്നതിന് അങ്ങ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, വളരെ സങ്കീർണ്ണമായിട്ടുള്ള പ്രശ്നമാണ് സ്വർണ്ണത്തിന്മേലുള്ള നികുതി. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ

വരുമ്പോൾ 21 കോടി രൂപയാണ് സ്വർണ്ണത്തിൽ നിന്നും കിട്ടിയിരുന്ന നികുതി. ഒരു ശതമാനം നികുതി ആയാൽപ്പോലും എല്ലാവരും ഒരു ഫോർമുല അനുസരിച്ച് നികുതി തന്നാൽ ചുരുങ്ങിയത് 200 കോടി രൂപ കിട്ടണമെന്നാണ് കണക്കാക്കിയത്. അതിനെയാണ് കോമ്പൗണ്ടിംഗ് ഫോർമുല എന്നുപറയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ നികുതി വരവ് 500 കോടി രൂപയോളം എത്തിയിട്ടുണ്ട്. പലരും തെറ്റിദ്ധരിച്ചിരിക്കുന്നത് 4-5 ശതമാനം നികുതിയെന്നാണ്. എല്ലാവരും ഇഫക്ടീവ് റേറ്റ് ഒരു ശതമാനമുള്ള കോമ്പൗണ്ടിംഗിലേയ്ക്ക് വരാനുള്ള deterrent ആണിത്. കോമ്പൗണ്ടിംഗ് ഫോർമുലയിൽ നിന്ന് മാറി നിന്നാൽ 4-5 ശതമാനം നികുതി തരേണ്ടിവരുമെന്നുള്ളതാണ്. ഒരു ശതമാനമാണെങ്കിൽപ്പോലും ഇന്ന് കിട്ടുന്നതിനെക്കാൾ കൂടുതൽ കിട്ടണമെന്നാണ് സർക്കാരിന്റെ നിഗമനം. അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ കൂടുതൽ പരിശോധിച്ച് നികുതി ചോർച്ച തടയുന്നതിനുള്ള നടപടി സ്വീകരിക്കും.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ, ഉപഭോക്താക്കൾ ബിൽ വാങ്ങുമെന്നും വ്യാപാരികൾ ബിൽ നൽകുമെന്നും സൂചിപ്പിക്കുന്നുണ്ട്. ഇത് കൃത്യമായി നടപ്പാക്കുന്നതിന് എന്തെങ്കിലും പ്രത്യേക നടപടികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; ആലോചിക്കുന്നുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇതുതന്നെയായിരിക്കും നികുതി ഭരണത്തിൽ വരുത്താൻ പോകുന്ന ഏറ്റവും പ്രധാനപ്പെട്ട മാറ്റം. പഴയ ലക്കി വാറ്റിന്റെ പുനരവതരണമാണിത്. ഇത്തവണ ഉപഭോക്താക്കൾ കൂപ്പൺ വാങ്ങേണ്ടതില്ല; അത് അപ്രായോഗികമാണ്. മൊബൈൽ ഫോൺ ഉപയോഗിച്ച് അവർ വാങ്ങുന്ന ബില്ലിന്റെ ഫോട്ടോ എടുത്ത് അപ്‌ലോഡ് ചെയ്താൽ മതി. അതിനുള്ള 'ആപ് ' അവർക്ക് കൊടുക്കും. കമ്പ്യൂട്ടറിൽ തന്നെ നറുക്കെടുപ്പ് നടത്തി മാസത്തിൽ ഒരുതവണ അവർ കൊടുത്ത നികുതിയുടെ അഞ്ച് മടങ്ങുവരെ സമ്മാനമായി നൽകും. ഇത് ബിൽ വാങ്ങാൻ ആളുകളെ പ്രേരിപ്പിക്കുമെന്ന് കരുതുന്നു. ഇതിന് രണ്ടാംഭാഗം കൂടിയുണ്ട്. കമ്പ്യൂട്ടർ ബില്ലിംഗ് നടത്തുന്ന വ്യാപാരികൾ തത്സമയം (in real time basis) ബിൽ അപ്‌ലോഡ് ചെയ്യണം. അതിനുള്ള നിയമനിർമ്മാണം നടത്തേണ്ടിവരും. അങ്ങനെ ചെയ്താൽ വൈകുന്നേരം ബില്ലെല്ലാം ഒരുമിച്ചെഴുതി നികുതിവകുപ്പിന് നൽകുന്ന രീതി അവസാനിക്കും. വ്യാപാരികൾ അപ്‌ലോഡ് ചെയ്യുന്ന ബില്ലിന്റെ കൂട്ടത്തിൽ ഉപഭോക്താക്കൾ അയച്ചുതരുന്ന ബിൽ ഉണ്ടാകണം. ഇത്തരത്തിലുള്ള നടപടി ഇന്നത്തെ നികുതി ചോർച്ച ഗണ്യമായി കുറയുന്നതിന് സഹായകരമാകുമെന്നാണ് കരുതുന്നത്. അതിന്റെ നിയമവശങ്ങളും മറ്റു കാര്യങ്ങളും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. പി. വി. അൻവർ:</u> സർ, നികുതി ചോർച്ചയിൽ ഉദ്യോഗസ്ഥരുടെ പങ്ക് വളരെയധികമാണ്. കാരണം, നികുതി എങ്ങനെ വെട്ടിക്കാമെന്നു പഠിപ്പിച്ചുകൊടുക്കുന്ന ഉദ്യോഗസ്ഥർ ഇന്ന് കേരള സംസ്ഥാനത്തുണ്ട്. 100 രൂപ നികുതി കൊടുക്കണമെങ്കിൽ അത് 25 രൂപയാക്കി ചുരുക്കാൻ ഉദ്യോഗസ്ഥർ കച്ചവടക്കാരെ പഠിപ്പിക്കുകയാണ്. അങ്ങനെ നികുതി നഷ്ടപ്പെടുത്തുന്ന അവസ്ഥയുണ്ട്. അതുകൊണ്ട് അത്തരത്തിലുള്ള ഉദ്യോഗസ്ഥരെ കണ്ടെത്തി അഴിമതി തടയുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

<u>ഡോ. ടി. എം. തോമസ് ഐസക് :</u> സർ, പറഞ്ഞതിൽ ശരിയുണ്ട്. കാരണം, റിട്ടയേർഡാകുന്ന നികുതി ഉദ്യോഗസ്ഥർ ടാക്സ് കൺസൾട്ടന്റായി മാറുകയാണ്. നമ്മുടെ എല്ലാ കളികളും രഹസ്യങ്ങളുമൊക്കെ അവർക്കും അറിയാം. അപ്പോൾ നല്ല വിദഗ്ദ്ധ ഉപദേശമാണ് അവർ കൊടുക്കുന്നത്. പക്ഷേ അവർ റിട്ടയേർഡ് ചെയ്തു കഴിഞ്ഞതിനാൽ ഒന്നും ചെയ്യാൻ സാധിക്കില്ല. എന്നാൽ സർവീസിലുള്ള ഉദ്യോഗസ്ഥർ ഇതു ചെയ്യുമ്പോഴാണ്. മുകളിലും കൂടി അഴിമതിയാണെങ്കിൽ പിന്നെ പറയാനുമില്ല. കാരണം, അഴിമതി നടത്തിയത് ഈ ഉദ്യോഗസ്ഥരെ ഉപയോഗിച്ചുകൊണ്ടാണല്ലോ. അപ്പോൾപിന്നെ അവർക്ക് എളുപ്പമായി. ഉദാഹരണത്തിന് അപ്പലേറ്റ് അതോറിറ്റികളിലുള്ള കേസുകൾ വെറുതെ റിമാൻഡ്

ചെയ്യുകയാണ്. അവിടെയൊക്കെ നടക്കുന്ന അഴിമതികൾ അതിഭീകരമാണ്. ഇതിന് രണ്ടു കാര്യങ്ങളാണ് പരിഹാരമായിട്ടുള്ളത്. ഒന്ന്, നേരത്തെ പറഞ്ഞതുപോലെ വില്പന, വാങ്ങിയവ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ സുതാര്യമായ രീതിയിൽ ലഭ്യമാക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാകുമ്പോൾ ആർബിട്രറി ആയിട്ടുള്ള ഇടപെടലുകൾ കുറയ്ക്കാൻ കഴിയും. രണ്ട്, അഴിമതി കാണിക്കുന്നവരെ കർശനമായി ശിക്ഷിക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടായിരിക്കണം. കമ്പ്യൂട്ടറൈസേഷൻ വന്നതുമൂലം നികുതി ഓഫീസിൽ കയറി ഇറങ്ങുക എന്നത് അനാവശ്യമായി മാറിയിരിക്കുകയാണ്. എല്ലാവരും ഫോമുകൾ ഡൗൺലോഡ് ചെയ്തെടുക്കണം. ഇത്തരത്തിലുള്ള നവീകരണത്തിലൂടെയും അഴിമതിക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതിലൂടെയും അഴിമതി കുറച്ചുകൊണ്ടു വരാൻ സാധിക്കും. അഴിമതിക്കാർക്കെതിരായി ചില നടപടികൾ അടുത്ത ദിവസങ്ങളിൽ തന്നെ എടുക്കുന്നതാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> സർ, ബഹുമാനപ്പെട്ട മന്ത്രി ഉത്തരത്തിൽ പറഞ്ഞതുപോലെ അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനായി ആംനെസ്റ്റി സ്കീം കൊണ്ടു വരുന്നതിനെക്കിറിച്ച് ആലോചിക്കുമോ? ഡിപ്പാർട്ട്മെന്റ്, ഹൈക്കോടതി, ട്രിബ്യൂണൽ

എന്നിവിടങ്ങളിലെല്ലാം ഒട്ടനവധി കേസുകൾ കിടക്കുന്നുണ്ട്.

ഡോ. ടി.എം. തോമസ് ഐസക്: സർ, കേസുകളുടെ സ്വഭാവത്തെക്കുറിച്ച് വിശദമായി പഠിച്ചാൽ മാത്രമേ ആംനെസ്റ്റി സ്കീമിനെ കുറിച്ച് പറയാൻ പറ്റൂ. ആംനെസ്റ്റി സ്കീം കൊണ്ടു വരുന്നത് സംബന്ധിച്ച് രണ്ടു കാര്യങ്ങൾ ആലോചിക്കുന്നുണ്ട്. ഒന്ന്, പ്രിസംറ്റീവ് ടാക്സ് ലിമിറ്റുണ്ട്, 65 ലക്ഷം. പക്ഷേ അതു കഴിഞ്ഞാൽ ഫുൾ ടാക്സ് കൊടുക്കേണ്ടി വരും. അതുകൊണ്ട് എല്ലാവരും ആ പരിധിക്ക് താഴെ നിൽക്കാൻ വേണ്ടിയുള്ള ഏർപ്പാടുകളായിരിക്കും ചെയ്യുന്നത്. ഇത്തരത്തിലുള്ള ഇരുപതിനായിരം കേസുകളെങ്കിലും ഇപ്പോൾ പിടിച്ചിട്ടുണ്ട്. ആ കേസുകളിൽ വേറെ ചോയിസ് ഒന്നുമില്ല. നികുതിയുടെ 3 മടങ്ങ് പെനാൽറ്റി കൊടുക്കണം. അതു വലിയ ഭാരമാണ്. അതുകൊണ്ട് ഈ കേസുകളിൽ ഒരു ആംനെസ്റ്റി സ്കീം കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ട്. അതുപോലെ സി.ആന്റ്.എ.ജി.യുടെ 2009-2010 ലെ റിപ്പോർട്ടിൽ ഏതാണ്ട് 14,000 ഓളം കേസുകൾ ചില കുഴപ്പങ്ങൾ കണ്ടു പിടിച്ചിട്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി വലിയ തോതിൽ നികുതി ചോർച്ച ഉണ്ടായിട്ടുണ്ടെന്നും സി.ആന്റ്.എ.ജി. ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള നടപടികൾ പരിശോധിച്ച് അവിടെയും ഒരു ആംനെസ്റ്റി സ്കീം കൊണ്ടു വരുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

മി. സ്പീക്കർ: 31-ാം നമ്പർ ചോദ്യവുമായിട്ട് 47-ാം നമ്പർ ചോദ്യം ക്ലബ്ബുചെയ്യാൻ ശ്രീ. മുരളി പെരുനെല്ലി ഒരു റിക്വസ്റ്റ് നൽകിയിട്ടുണ്ട്. അത് ചെയർ പരിശോധിച്ചു. ചോദ്യങ്ങളും ഉത്തരങ്ങളും വിഭിന്നമാകുന്നതു കൊണ്ട് ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

ശ്രീ. കെ. വി. വിജയദാസ്: സർ, കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റ് ഇവിടെ സമ്മാനിച്ചിട്ടുള്ള ഏറ്റവും വലിയ ദുരന്തമാണ് അങ്ങ് ഏറ്റെടുത്തിട്ടുള്ളത്. ഈ ദുരന്തത്തിനിടയിലും നെല്ല് സംഭരിച്ച വകയിൽ 170 കോടി രൂപ നൽകുകയും അതുപോലെ വിലക്കയറ്റം തടയാൻ 150 കോടി രൂപ അനുവദിക്കുകയും ചെയ്ത അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. ഇവിടെ പ്രധാന പ്രശ്നം നികുതി ചോർച്ചയാണ്. വാണിജ്യ ചെക്ക് പോസ്റ്റുകളിലൂടെ ഇറച്ചിക്കോഴി, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ തുടങ്ങിയ ഒട്ടേറെ ഉൽപ്പന്നങ്ങൾ വ്യാപകമായി ഊടുവഴികളിലൂടെ നികുതി വെട്ടിച്ച് കടത്തുന്നുണ്ട് എന്നുള്ള കാര്യം വസ്തുതയാണ്. ഈ നികുതി വെട്ടിപ്പ് തടയുന്നതിനുവേണ്ടി ഇവയെല്ലാം പ്രത്യേകമായി ഐഡന്റിഫൈ ചെയ്യാനും അവയെ പ്രത്യേകമായ രീതിയിൽ നിരീക്ഷിച്ച് അത് കണ്ടെത്തുന്നതിനു വേണ്ടിയിട്ടുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ടി.എം. തോമസ് ഐസക്: സർ, എല്ലാ ഊടുവഴികളിലും

ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കാൻ കഴിയില്ല. അതുകൊണ്ട് ഇതുസംബന്ധിച്ച് പരിശോധിച്ചിട്ട് ചില ഊടുവഴികളിലൂടെ വരാൻ പാടില്ല എന്ന നിബന്ധന വയ്ക്കാൻ സാധിക്കുമെന്നു തോന്നുന്നു. മറ്റുള്ളിടത്ത് കൂടുതൽ ചെക്കിംഗ് ഏർപ്പെടുത്തേണ്ടി വരും. മെയിൻ ചെക്ക് പോസ്റ്റുകളിൽ കാലതാമസമില്ലാതെ പരിശോധിച്ച് വിടുന്നതിനു വേണ്ടി അവയെ നവീകരിക്കണം. ആ നവീകരണ പ്രക്രിയ ഇന്ന് ഇപ്പോൾ ഏറ്റവും എളുപ്പത്തിൽ ചെയ്യാൻ പറ്റുന്ന രണ്ടു ചെക്ക് പോസ്റ്റുകളാണ് മഞ്ചേശ്വരവും മുത്തങ്ങയും. സ്ഥലം ഇവിടെ തന്നെ അക്വയർ ചെയ്തിട്ടുണ്ട്. അതുകൊണ്ട് അവിടെ തുടക്കം എന്ന രീതിയിൽ മാതൃകാപരമായി ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുകയും അതിന്റെ ചുറ്റുപാടുമുള്ള ഊടുവഴികൾ കർശനമായി അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, വാല്യു ആഡഡ് ടാക്സ് സിസ്റ്റവുമായി ബന്ധപ്പെട്ട നിയമം ഈ നിയമസഭയിൽ പാസ്സാക്കിയപ്പോൾ അങ്ങ് ഉൾപ്പെടെയുള്ള ആളുകൾ അതിനെ അതിശക്തിയായി എതിർക്കുകയുണ്ടായി. പക്ഷേ പതിനായിരക്കണക്കിന് കോടി രൂപയുടെ വരുമാനമാണ് പിന്നീട് നമ്മുടെ സംസ്ഥാനത്തിന് ഉണ്ടായത്. എന്നാൽ പുതിയതായി ഇപ്പോൾ കൊണ്ടു വരാൻ ഉദ്ദേശിക്കുന്ന ജി.എസ്.റ്റി.യെ സംബന്ധിച്ച് കോൺഗ്രസ്സ് ഉൾപ്പെടെയുള്ള ദേശീയ പ്രതിപക്ഷ കക്ഷികൾ

ഗൗരവകരമായ ചില ഉത്കണ്ഠകളും എതിർപ്പുകളും ഉയർത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് അങ്ങയുടെ പാർട്ടിയിലെ ചില നേതാക്കൻമാരും സമാനമായ ചില അഭിപ്രായപ്രകടനങ്ങൾ നടത്തിയിട്ടുണ്ട്. ജി.എസ്.റ്റി.യെ സംബന്ധിച്ച സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്; തീരുമാനം എന്താണ്; കേന്ദ്ര സർക്കാർ ഇപ്പോൾ കൊണ്ടു വരാൻ ഉദ്ദേശിക്കുന്ന ജി.എസ്.റ്റി. അതേപടി അംഗീകരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാണോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, വാറ്റ് ആയാലും ജി.എസ്.റ്റി. ആയാലും അടിസ്ഥാനപരമായിട്ടുള്ള ചില വിയോജിപ്പുകൾ ഇടതുപക്ഷത്തിനുണ്ട്. കോൺഗ്രസ്സിന് അതില്ല എന്ന് അറിയാം. എന്നാൽ ഞങ്ങൾക്കുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് വാറ്റ് നികുതി ഇവിടെ എതിർത്തത്. ആ എതിർപ്പ് എന്താണെന്നു ചോദിച്ചാൽ സംസ്ഥാനങ്ങളുടെ അധികാരം അത് കവർന്നെടുക്കുന്നു എന്നുള്ളതാണ്. എന്നാൽ ഇപ്പോൾ വാറ്റ് യാഥാർത്ഥ്യമാണ്. ഗുണവുമുണ്ട് ദോഷവുമുണ്ട്. നഷ്ടപ്പെടേണ്ട അധികാരം നഷ്ടപ്പെട്ടു കഴിഞ്ഞു. കാരണം വാറ്റ് നികുതി വ്യവസ്ഥയിൽ ഒരു സംസ്ഥാനത്തിനും തനിച്ച് നികുതി നിരക്ക് മാറ്റാൻ പറ്റില്ല. ഈയൊരു സാഹചര്യത്തിൽ ജി.എസ്.റ്റി.യിലേക്ക് പോകുന്നതു കൊണ്ട് സംസ്ഥാനത്തിന് നഷ്ടമില്ല. മറിച്ച്, സംസ്ഥാനത്തിന്റെ നികുതി വലയത്തിൽ

ഇല്ലാത്ത സർവ്വീസ് ടാക്സ് കിട്ടുന്നു. അതിന്റെ ഫലമായി ഉപഭോക്തൃസംസ്ഥാനമായിട്ടുള്ള കേരളത്തിൽ നികുതി വരുമാനം കൂടുന്നു. അതുകൊണ്ട് ജി.എസ്.റ്റി.യെ എതിർക്കുന്നില്ല. എന്നാൽ ജി.എസ്.റ്റി.യെ കോൺഗ്രസ്സ് അധികാരത്തിലിരുന്നപ്പോൾ കൊണ്ടുവരാൻ ശ്രമിച്ചതാണ്. അന്നുണ്ടായതുപോലെതന്നെ ഉത്കണ്ഠ ഇന്നുമുണ്ട്. ആ ഉത്കണ്ഠകളൊക്കെ പ്രകടിപ്പിക്കേണ്ട വേദിയിൽ പ്രകടിപ്പിക്കുകയും ചർച്ചകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ നിലപാടിലേക്ക് കൊണ്ടു വരാൻ ശ്രമിക്കുകയും ചെയ്യും. അതാണ് ചെയ്യുന്നത്. അല്ലാതെ ഇതിനെ കംപ്ലീറ്റായി തടഞ്ഞു നിർത്തുക എന്നുള്ള സമീപനമല്ല. നിങ്ങളുടെ ഭരണ കാലത്ത് കോൺഗ്രസ്സിന്റെയും സമീപനം ഇതാണല്ലോ.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u> സർ, കേരളത്തിന്റെ പുറത്തുനിന്ന് സാധനങ്ങൾ കൊണ്ടുവരുമ്പോൾ വ്യാപാരി ഇ-എഫ്.എ. ഫയൽ ചെയ്താൽ അതിന്റെ ഉത്തരവാദിത്വം മുഴുവൻ ആ വ്യാപാരിക്കാണ്. പക്ഷെ, അതിൽ അക്ഷരത്തെറ്റ്, ഫുൾസ്റ്റോപ്പ്, കോമ എന്നിവ ഇല്ലായെന്ന് പറഞ്ഞ് വ്യാപാരികളെ ബുദ്ധിമുട്ടിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. എത്ര തുക സെക്യൂരിറ്റി ചെയ്യണമെന്ന് അവർ നിർദ്ദേശിച്ചിട്ടുണ്ട്. ഇ-സെക്യൂരിറ്റി സിസ്റ്റമില്ലാത്തതുകൊണ്ട് നേരിട്ടാണ് ഈ

നടപടികൾ ചെയ്യേണ്ടത്. അതുകൊണ്ട് ഇ-ഫോം 8 എഫ്.എ. ഫയൽ ചെയ്താൽ അതിന്റെ മുഴവൻ ഉത്തരവാദിത്വം ആ വ്യാപാരിക്കാണ് എന്നുള്ള കാര്യം തീർച്ചയാണ്. കോമ, ഫുൾസ്റ്റോപ്പ് എന്നിവ ഇല്ലായെന്ന് പറഞ്ഞ് ആളുകളെ ബുദ്ധിമുട്ടിലാക്കുന്ന ഒരു നിലപാടുണ്ട്. അതുപോലെതന്നെ, ഇൻപുട്ട് ടാക്സ് കൂടുതലായി വരുമ്പോൾ റീഫണ്ട് കുടിശ്ശിക രണ്ടും മൂന്നും കൊല്ലം ബാക്കിയാണ്. അങ്ങനെ വരുമ്പോൾ ഈ തുക തിരിച്ച് കൊടുക്കുന്നതിന് ചില ഓഫീസുകൾ പെർസെന്റേജ് ചോദിക്കാറുണ്ട്. ആ നിലയിൽ റീഫണ്ട് ധാരാളം കുടിശ്ശികയാണ്. അതുകൊണ്ട് ഇത് കൃത്യമായി നൽകുന്നതിനുവേണ്ടി, റീഫണ്ട് ഇ-പേമെന്റ് സിസ്റ്റം ഒരു കൃത്യമായ കാലാവധി വച്ച് കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, ഫുൾസ്റ്റോപ്പും കോമയുമൊക്കെ ബില്ലിൽ കുറവുവന്നുകഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ തടഞ്ഞുവയ്ക്കുക, വലിയ തോതിൽ പെനാൽറ്റി അടച്ച് പിന്നീട് അപ്പീൽ കൊടുത്ത് പിൻവലിക്കണമെന്ന് പറയുക എന്നീ സമ്പ്രദായം അവസാനിപ്പിക്കുകതന്നെ വേണം. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് അങ്ങനെയൊരു ആക്ഷേപം വന്നിരുന്നില്ല. എന്നാൽ പിന്നീട് അഴിമതിമൂലം നികുതി വരുമാനം ഗണ്യമായി കുറഞ്ഞു. അങ്ങനെ കുറഞ്ഞുകഴിഞ്ഞ് അവസാനവർഷമായപ്പോൾ ആ കുറവ് നികത്താനുള്ള ശ്രമത്തിൽ

ടാർജറ്റ് തികയ്ക്കുന്നതിനുവേണ്ടി ഇത്തരത്തിലുള്ള കർശനമായ നിലപാടുകൾ പലസ്ഥലത്തും സ്വീകരിച്ചുവന്നതാണ്. അത് പരിശോധിച്ച് വ്യാപാരികളുമായി ചർച്ച ചെയ്തതിനുശേഷം നികുതി ചോർച്ച ഇല്ലാതാകുമെന്ന് ഉറപ്പുവരുത്തുന്ന രീതികൾ നോക്കി ഈ പ്രയാസം ഇല്ലാതാക്കുന്നതിന് പരമാവധി പരിശ്രമിക്കുന്നതാണ്. റീഫണ്ട് മൂന്നുവർഷത്തെ കുടിശ്ശിക ബാക്കിയാണെന്ന് പറയുന്ന കാര്യത്തിൽ എനിക്കും അത്ഭുതമാണ്. അത് പരിശോധിച്ചിട്ട് അതിന് പരിഹാരമുണ്ടാക്കും. റീഫണ്ട് അപ്പോൾത്തന്നെ കൊടുക്കേണ്ട കാര്യമേയുള്ളൂ. കുടിശ്ശിക വരുത്താൻ പാടില്ലാത്തതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ഈ പ്രാവശ്യത്തെ നയപ്രഖ്യാപനത്തിൽ ബഡ്ജറ്റിന് പുറമെയുള്ള വായ്പ വാങ്ങലിലൂടെ വൻകിട പദ്ധതികളിലുള്ള പൊതു നിക്ഷേപങ്ങൾ വർദ്ധിപ്പിച്ച് വികസനം ത്വരിതപ്പെടുത്താനുള്ള ശ്രമമുണ്ടാകുമെന്ന് പറയുന്നുണ്ട്. ഏതൊക്കെ വൻകിട പദ്ധതികളിലേയ്ക്കാണ് ഇത്തരം നിക്ഷേപങ്ങൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; മറ്റൊരു കാര്യമുള്ളത് ഇവിടെ ഊടുവഴികളെക്കുറിച്ച് പറഞ്ഞു. എന്റെ നിയോജക മണ്ഡലത്തിൽ സംസ്ഥാന അതിർത്തിയിൽനിന്ന് 50 കിലോമീറ്റർ മാറിയാണ് ഒരു ചെക്ക്പോസ്റ്റുള്ളത്. നമ്മുടെ സംസ്ഥാനത്തുള്ളവർത്തന്നെ ഈ ചെക്ക്പോസ്റ്റിൽ ചെക്കിംഗിന്

വിധേയരാകുകയാണ്. മട്ടത്തുകാട് സ്ഥാപിക്കേണ്ട ചെക്ക്പോസ്റ്റാണ് ഇവിടെ സ്ഥാപിച്ചിട്ടുള്ളത്. അട്ടപ്പാടി തമിഴ്നാട് ബോർഡറിലാണ്. അന്ന് ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഊടുവഴികളിൽകൂടി സാധനങ്ങൾ കടത്തികൊണ്ട് പോകും അതുകൊണ്ടാണ് 50 കിലോമീറ്റർ മാറി ചെക്ക്പോസ്റ്റ് സ്ഥാപിച്ചതെന്നാണ് പറഞ്ഞത്. ഊടുവഴികൾ കൃത്യമായി ബ്ലോക്ക് ചെയ്യുകയും ചെക്ക്പോസ്റ്റുകളിൽ കൂടുതൽ ചെക്കിംഗ് ഏർപ്പെടുത്തുകയും ചെയ്യുമെന്ന് ഇവിടെ അങ്ങൊരു ചോദ്യത്തിനുത്തരമായി പറഞ്ഞു. അപ്പോൾ അങ്ങനെ ചെയ്യാൻ കഴിയുമെങ്കിൽ ഈ കാര്യംകൂടി ഒന്ന് പരിഗണിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഊടുവഴിയിലെ ചെക്ക്പോസ്റ്റിന്റെ കാര്യം വിശദമായി പരിശോധിച്ചതിനുശേഷം പറയാം. ഓഫ് ഹാൻഡായി എനിക്ക് മറുപടി പറയാൻ ബുദ്ധിമുട്ടാണ്. ആദ്യം ചോദിച്ച ചോദ്യം ഏത് പദ്ധതികളിലാണ് അങ്ങനെയുള്ള നിക്ഷേപങ്ങൾ നടത്താൻ പോകുന്നതെന്നാണ്. അത് ബഡ്ജറ്റിന്റെ സമയത്ത് വെളിപ്പെടുത്തുന്നതായിരിക്കും ഉചിതം. പക്ഷെ ഇങ്ങനെ ബഡ്ജറ്റിന് പുറത്ത് വായ്പ എടുക്കാൻ പോകുന്ന രീതികൾ നൂതനമായിരിക്കുമെങ്കിലും നമുക്ക് സുപരിചിതമാണ്. കൊച്ചി മെട്രൊ ഇപ്പോൾ നിർമ്മാണം നടക്കുന്നു. കൊച്ചി മെട്രോ നിർമ്മാണം നടക്കുന്നത് സംസ്ഥാന സർക്കാർ നൽകുന്ന പണംകൊണ്ട് മാത്രമല്ല,

ബഡ്ജറ്റിന് പുറത്ത് അവർ വായ്പ എടുക്കുന്നതുകൊണ്ടുകൂടിയാണ്. ഈ മാതൃക കൂടുതൽ വിപുലമായി ചിട്ടയായ ഒരു സമ്പ്രദായമായി മാറ്റുന്നതിനാണ് ശ്രമിക്കാൻ പോകുന്നത്.

ശ്രീ. സി. ദിവാകരൻ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ സമഗ്രമായ വികസനത്തിനും നിത്യനിദാന ചെലവുകൾക്കും ആകെയുള്ള ശക്തമായ ഒരു ധനകാര്യ സ്രോതസ്സെന്ന് പറയുന്നത് നികുതി പിരിച്ചെടുക്കലാണ്. നമ്മൾ ഇവിടെ ചർച്ച ചെയ്യുന്നത് നികുതി ചോർച്ചയുടെ വഴികളാണ്. എന്റെ ചോദ്യം ഈ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ നികുതി ചോർച്ചയിൽ എത്ര കോടി രൂപ കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്; എത്ര ചോർച്ച സംഭവിച്ചിട്ടുണ്ട്? രണ്ടാമതായി, ഈ കുടിശ്ശിക പിരിച്ചെടുക്കാൻ നമ്മുടെ ഗവൺമെന്റ് ആധുനികമായ സംവിധാനങ്ങളെന്തെങ്കിലും ആവിഷ്കരിക്കുന്നുണ്ടോ; സാധാരണ റെയ്ഡാണ് നടക്കുന്നത്. റെയ്ഡുകൊണ്ട് വലിയ കാര്യമില്ല. എന്താണ് ഇതിനൊരു പുതിയ മാർഗ്ഗം?

ഡോ. ടി. എം. തോമസ് ഐസക്: സർ, സെയിൽസ് ടാക്സ്, സി.എസ്.ടി., എക്സൈസ്, മോട്ടോർ വെഹിക്കിൾസ് ടാക്സ് എന്നീ ഇനത്തിൽ മൊത്തം 12,608 കോടി രൂപ കുടിശ്ശികയുണ്ട്. അതിൽ 7695 കോടി രൂപ തർക്കത്തിൽ കിടക്കുകയാണ്. എന്നാൽ 5013 കോടി രൂപ തർക്കമില്ലാത്ത തുകയാണ്.

തർക്കമില്ലാത്ത കാര്യം എന്തുകൊണ്ടാണ് പിരിക്കാൻ സാധിക്കാത്തതെന്ന് എനിക്ക് മനസ്സിലായിട്ടില്ല. അതുകൊണ്ട് കേസ് ബൈ കേസ് ആയി മൊത്തത്തിൽ പരിശോധിച്ചതിനുശേഷം അത് പിരിച്ചെടുക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികളും മറ്റും ഊർജ്ജിതമായിട്ടെടുക്കുന്നതാണ്. കളക്ടർമാരുടെ യോഗം വിളിച്ചുചേർത്ത് ഇക്കാര്യം ചർച്ച ചെയ്യുകയും റവന്യൂ വകുപ്പിന്റെ സഹായത്തോടുകൂടി ഊർജ്ജിത റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. തർക്കത്തിൽപ്പെട്ട് കിടക്കുന്നതൊക്കെ കോടതി കേസ്സിലും വ്യവഹാരത്തിലുമാണ്. ആ ഓരോ കേസ്സും എടുത്ത് എ.ജി.യുടെ സഹായത്തോടുകൂടി അനന്തമായി നീണ്ടുപോകാതെ കോടതി കേസ്സുകളൊക്കെ എത്രയും പെട്ടെന്ന് തീർക്കാൻ കഴിഞ്ഞാൽ ആ നികുതി പിരിച്ചെടുക്കാൻ സാധിക്കും. അത്തരത്തിലുള്ള നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്.

## ധന ഉത്തരവാദിത്വ നിയമം

(*32) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. എം. മുകേഷ്:
ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ പാസ്സാക്കിയ ധന ഉത്തരവാദിത്വ നിയമത്തിലെ പ്രധാന

വ്യവസ്ഥകൾ എന്തൊക്കെയാണ്; മുൻ സർക്കാരിന് അത് പാലിക്കുന്നതിന് സാധിച്ചുവോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകളോടുള്ള സമീപനം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്താനുതകുംവിധം കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ മുന്നിൽ ഉന്നയിക്കാൻ ഉദ്ദേശിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) 2011-ലെ കേരള ധന ഉത്തരവാദിത്വ (ഭേദഗതി) നിയമത്തിലെ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 1.4%, 0.9%, 0.5%, 0% എന്നീ ക്രമത്തിൽ കുറച്ചു കൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ റവന്യൂകമ്മി ഇല്ലാതാക്കേണ്ടതാണ്. റവന്യൂമിച്ചം വർദ്ധിപ്പിക്കുകയും ആ തുക ആസ്തികളെക്കാൾ കൂടുതലായുള്ള ബാദ്ധ്യതകൾ കൊടുത്തുതീർക്കുന്നതിന് ഉപയോഗപ്പെടുത്തേണ്ടതാണ്.

ഇതേ ആക്റ്റ് പ്രകാരം 2011-12, 2012-13 എന്നീ വർഷങ്ങളിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3.5 ശതമാനത്തിൽ കവിയാത്ത നിലയിൽ നിലനിർത്തികൊണ്ട് 2013-14-ൽ 3 ശതമാനമായി കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2014 മാർച്ച് 31-ന് അവസാനിക്കുന്ന മൂന്ന് വർഷക്കാലയളവിനുള്ളിൽ ധനസംബന്ധമായ കമ്മി സംസ്ഥാനത്തെ മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3 ശതമാനമായി കുറയ്ക്കേണ്ടതുമാണ്.

അതുപോലെതന്നെ 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 32.3%, 31.7%, 30.7%, 29.8% എന്ന ക്രമത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിന്റെ 29.8 ശതമാനമായി കുറയ്ക്കുകയും ചെയ്യേണ്ടതാണ്.

2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലെ റവന്യൂകമ്മി, ധനകമ്മി, കടബാധ്യത തുടങ്ങിയവയുടെ ധന ഉത്തരവാദിത്വ നിയമപ്രകാരമുള്ള

ലക്ഷ്യവും നേട്ടവും ചുവടെ ചേർക്കുന്നു.

(ജി.എസ്.ഡി.പി.യുടെ ശതമാനത്തിൽ)

| | 2011-12 | | 2012-13 | | 2013-14 | | 2014-15 | |
|---|---|---|---|---|---|---|---|---|
| | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം |
| റവന്യൂകമ്മി | 1.4 | 2.61 | 0.9 | 2.68 | 0.5 | 2.44 | 0 | 2.65 |
| ധനകമ്മി | 3.5 | 4.16 | 3.5 | 4.29 | 3 | 3.66 | 3 | 3.59 |
| കടബാധ്യത | 32.3 | 29.04 | 31.07 | 29.64 | 30.7 | 26.71 | 29.8 | 26.05 |

13-ാം ധനകാര്യ കമ്മീഷൻ ശിപാർശയനുസരിച്ചുള്ള 2011-ലെ കേരള ധന ഉത്തരവാദിത്വ (ഭേദഗതി) നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാനത്തിന് സാധിച്ചിട്ടില്ല. ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും നികുതി (Tax-GSDP) വളർച്ച നിരക്കിലുള്ള കുറവും കാരണമാണ് 13-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയയുടെ ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്. എന്നാൽ കടബാധ്യത ജി.എസ്.ഡി.പി.യുടെ അനുപാത ലക്ഷ്യങ്ങൾ (Debt-GSDP) 2011-12 സാമ്പത്തിക വർഷം മുതൽ കൈവരിക്കുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.

(ബി) റവന്യൂകമ്മി കുറച്ചുകൊണ്ടുവരിക എന്ന നിബന്ധനയോട് സർക്കാരിന്

യോജിപ്പാണ്. എന്നാൽ അനിവാര്യ ചെലവുകൾ വെട്ടിക്കുറച്ചുകൊണ്ടോ അവ മാറ്റിവച്ചുകൊണ്ടോ അല്ല ഈ ലക്ഷ്യം കൈവരിക്കേണ്ടത്. തനതു നികുതി വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് റവന്യൂകമ്മി പടിപടിയായി കുറച്ചുകൊണ്ടുവരിക എന്നതാണ് സർക്കാരിന്റെ സമീപനം. എന്നാൽ സംസ്ഥാനങ്ങളുടെ Debt Sustainability പരിഗണിക്കാതെ ധനകമ്മിക്ക് ഒരു ഏകീകൃത പരിധി നിശ്ചയിക്കുന്നത് ഇപ്പോഴത്തെ ആഗോള സാമ്പത്തിക വ്യവസ്ഥിതിയിൽ അഭികാമ്യമല്ല. ധന ഉത്തരവാദിത്വ നിയമത്തിൽ നിഷ്കർഷിക്കുന്ന കടബാധ്യത ജി.എസ്.ഡി.പി.യുടെ അനുപാത ലക്ഷ്യങ്ങൾ (Debt-GSDP) 2011-12 സാമ്പത്തിക വർഷം മുതൽ കൈവരിക്കുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനങ്ങളുടെ Debt Sustainability അടിസ്ഥാനമാക്കി ധനകമ്മിയുടെ ലക്ഷ്യം നിശ്ചയിക്കുകയും അതിലൂടെ വികസന പ്രവർത്തനങ്ങൾക്കായി കൂടുതൽ വായ്പ എടുക്കുന്നതിനായി സംസ്ഥാനങ്ങളെ അനുവദിക്കേണ്ടതുമാണ്.

(സി) 14-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം (Vertical Devolution) 32 ശതമാനത്തിൽനിന്ന് 42% ആയി വർദ്ധിപ്പിക്കുകയും സംസ്ഥാനത്തിന്റെ വിഹിതം (Horizontal Devolution) 2.34 ശതമാനത്തിൽനിന്ന് 2.50 ശതമാനമായി വർദ്ധിപ്പിച്ചെങ്കിലും സംസ്ഥാനങ്ങൾക്ക് നൽകുന്ന ആകെ

വിഹിതം മുൻകാലങ്ങളിലെപ്പോലെ 61-62 ശതമാനമായി മാത്രം നിലനിർത്തിയതുകാരണം കേന്ദ്ര നികുതിയിനങ്ങളുടെ സംസ്ഥാന വിഹിതത്തിൽ മിതമായ വർദ്ധനമാത്രമാണ് ഉണ്ടായിട്ടുള്ളത്. 14-ാം ധനകാര്യ കമ്മീഷൻ അവാർഡ് വഴി ലഭിക്കുന്ന വർദ്ധനവിന്റെ സിംഹഭാഗവും കേന്ദ്രസർക്കാർ നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്രവിഹിതം വെട്ടിക്കുറച്ച പദ്ധതികളും നടപ്പിലാക്കുന്നതിനായി ചെലവഴിക്കേണ്ടി വരുന്നതിനാൽ പുതിയ വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ കഴിയാതെ വരുന്നു.

ധന ഉത്തരവാദിത്വ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ധനകമ്മിയുടെ പരിധിക്കുള്ളിൽത്തന്നെ കടമെടുപ്പ് നിർത്തേണ്ടി വരുന്നതിനാലും റവന്യൂ ചെലവ് ഒരു പരിധിക്കപ്പുറം കുറയ്ക്കാൻ കഴിയാത്തതുകാരണവും വികസന ചെലവുകൾക്ക് പണം തികയാതെ വരുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കാനുതകുന്ന നിർദ്ദേശങ്ങൾ/അഭിപ്രായങ്ങൾ, നിലവിലെ എഫ്.ആർ.ബി.എം. ആക്ട് അവലോകനം ചെയ്യുന്നതിനുവേണ്ടി കേന്ദ്രസർക്കാർ നിയമിച്ച എഫ്.ആർ.ബി.എം. കമ്മിറ്റിയുടെ മുമ്പാകെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u> സർ, ഈ നിയമത്തിൽ വ്യവസ്ഥ

ചെയ്തിട്ടുള്ളതുപോലെ നിശ്ചിത കാലയളവിൽ ധനകമ്മി കുറയ്ക്കുന്നതിനും കമ്മി ഇല്ലാതാക്കുന്നതിനുംവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; എടുത്ത നടപടി ഫലപ്രദമായിരുന്നുവോ എന്നതാണ് എന്റെ ചോദ്യം. ആഗോള സാമ്പത്തിക മാന്ദ്യം വരുന്ന കാലത്തുപോലും ഇൻഡ്യയും നമ്മുടെ സംസ്ഥാനവും പിടിച്ചുനിന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. അതിനേക്കാളും വലിയ മാന്ദ്യവും കടവുമാണ് കഴിഞ്ഞ കാലത്തുണ്ടായത്. എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു എന്നതിനെക്കുറിച്ച് മറുപടി പറയാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നമ്മുടെ സംസ്ഥാനത്ത് ധന ഉത്തരവാദിത്ത നിയമം പാസ്സാക്കിയ സമയത്ത് യു.ഡി.എഫ്. സർക്കാർ ആണ് അധികാരത്തിലുണ്ടായിരുന്നത്. കമ്മി കുറയ്ക്കുന്നതിനുവേണ്ടി വളരെ കർശനമായ നടപടികൾ സ്വീകരിച്ചു. അതിന്റെ ഫലമായി റവന്യൂ കമ്മി ഗണ്യമായി കുറഞ്ഞു. പിന്നീട് വന്ന എൽ.ഡി.എഫ് സർക്കാരും ഈ പാതതന്നെ പിൻതുടർന്നു. രണ്ടുപേരും തമ്മിൽ ഒരു വ്യത്യാസമുണ്ട്. ശ്രീ. എ. കെ. ആന്റണി സർക്കാരിന്റെ കാലത്ത് ചെലവുകൾ കർശനമായി ചുരുക്കുന്ന കാര്യത്തിലാണ് ഊന്നൽ നൽകിയത്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ചെലവ് ചുരുക്കുന്നതിനെക്കാൾ വരുമാനം വർദ്ധിപ്പിച്ച് കമ്മി

കുറയ്ക്കുന്നതിനാണ് ഊന്നൽ നൽകിയത്. ഈ വ്യത്യാസമുണ്ടെങ്കിലും ആ പത്തുവർഷക്കാലം കേരളത്തിന്റെ റവന്യൂ കമ്മി കുറഞ്ഞുവരികയായിരുന്നു. അത് നാളെ ഇവിടെ അവതിരപ്പിക്കുന്ന ധവളപത്രത്തിൽ വളരെ വ്യക്തമായിട്ടുണ്ടാകും. ആ രീതി തുടർന്നിരുന്നെങ്കിൽ പതിനാലാം ധനകാര്യ കമ്മിഷൻ പറഞ്ഞതുപോലെ റവന്യൂ കമ്മി ഇല്ലാതാകുമായിരുന്നു. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ ഗതി മാറി റവന്യൂകമ്മി ക്രമാതീതമായി കൂടാൻ തുടങ്ങി. ബഡ്ജറ്റിൽ താഴ്ത്തിവയ്ക്കുമെങ്കിലും യഥാർത്ഥത്തിൽ കൂടി. അങ്ങനെ പത്തുവർഷക്കാലത്തെ ഫിസ്കൽ കൺസോളിഡേഷൻ ഇല്ലാതായി. ഇന്നത്തെ സ്ഥിതിവിശേഷം എന്താണെന്നാൽ, കഴിഞ്ഞ അഞ്ചുവർഷംപോലെയാണ് നമ്മുടെ നികുതി വരുമാനവും ചെലവും പോകുന്നതെങ്കിൽ നടപ്പുവർഷം പതിനേഴായിരം കോടി രൂപ റവന്യൂ കമ്മി വരും എന്നതാണ്. നമ്മുടെ ശമ്പളത്തിന്റെയും പെൻഷന്റെയുമൊക്കെ കുടിശ്ശിക അടുത്ത വർഷവും കൊടുക്കേണ്ടതുണ്ട്. അടുത്ത വർഷം ഇരുപത്തേഴായിരം കോടി രൂപ റവന്യൂ കമ്മി വരുമെന്നാണ് പ്രൊജക്ഷൻ കാണിക്കുന്നത്. നമുക്ക് ഇരുപതിനായിരം കോടി രൂപയിലധികം വായ്പയെടുക്കാൻ അനുവാദമുണ്ടാകില്ല. എന്നുവച്ചാൽ പരിപൂർണ്ണമായ സ്തംഭനത്തിലേയ്ക്ക് പോകുന്ന പാതയാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചത്. നിശ്ചയമായും ഇങ്ങനെ പോകാൻ കഴിയില്ല,

തിരുത്തലുകൾ വേണ്ടിവരും.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : സർ, കഴിഞ്ഞ അഞ്ചുവർഷക്കാലം ആകെ ഈ ഗവൺമെന്റ് വാങ്ങിയ കടം എത്രയാണെന്നും അതിൽ വികസന മേഖലയിൽ എത്ര ചെലവാക്കിയെന്നും പറയാമോ? വരുമാനത്തെക്കാളും ചെലവ് വർദ്ധിക്കുന്നതിന്റെ ഫലമായിട്ടാണ് കമ്മി എന്നാണ് പറഞ്ഞത്. അത് ശരിയാണോ ?

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, മൊത്തം കടത്തിന്റെ കൃത്യമായ കണക്ക് അഞ്ചുവർഷംകൊണ്ട് എത്ര കൂടി എന്ന് ഇപ്പോൾ പറയാൻ കഴിയില്ല. മൊത്തം കടം ഭരണം തുടങ്ങിയപ്പോഴുള്ളതിന്റെ നേരെ ഇരട്ടിയായി. ഭരണം തുടങ്ങിയപ്പോഴുള്ളതിന്റെ ഇരട്ടിയായതുകൊണ്ട് അതിനെ വിമർശിക്കാൻ ഞാനില്ല. പക്ഷെ പ്രധാന പ്രശ്നം, എടുത്ത കടം എന്തിന് ഉപയോഗിച്ചു എന്നുള്ളതാണ്. എടുത്ത കടം നമ്മുടെ റോഡുകളും പാലങ്ങളും ആസ്തികളുമൊക്കെ ഉണ്ടാക്കാൻ വേണ്ടിയാണെങ്കിൽ കടത്തിന്റെ ബാധ്യതയ്ക്ക് സമമായി നമ്മുടെ ബാലൻസ് ഷീറ്റിൽ ആസ്തിയുണ്ടാകും. അതുകൊണ്ട് പ്രശ്നമില്ല. പക്ഷെ കടത്തിന്റെ 60-70 ശതമാനവും സർക്കാരിന്റെ നിത്യനിതാന ചെലവിനുവേണ്ടിയാണ് വിനിയോഗിച്ചത് എന്നതാണ് ദൗർഭാഗ്യം. അതിന്റെ ഫലമായി ഈ കടം നമ്മുടെ ദേഹത്ത് ജഡഭാരമായി മാറിയിരിക്കുകയാണ്.

<u>ശ്രീ. രാജു എബ്രഹാം :</u> സർ, പതിനാലാം ധനകാര്യ കമ്മിഷൻ അവാർഡ് വഴി ലഭിക്കുന്ന വർദ്ധനവിന്റെ സിംഹഭാഗവും കേന്ദ്രസർക്കാർ നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്ര വിഹിതം വെട്ടിക്കുറച്ച പദ്ധതികളും നടപ്പിലാക്കുന്നതിനായി ചെലവഴിക്കേണ്ടി വരുന്നതിനാൽ പുതിയ വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ കഴിയാതെ വരുന്നു എന്നാണ് അങ്ങ് നൽകിയ മറുപടി. ഇത് ഗുരുതരമായ ഒരു പ്രശ്നമാണ്. ഇത് ഒരു ഭാഗത്തുള്ള കാര്യം. മറുഭാഗത്ത് കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക ആറായിരം കോടിയിലധികം വരും എന്നാണ് പുറത്തുവന്ന കണക്കുകൾ. ഇപ്പോൾ ഇവിടെ ഉയർന്നുവന്ന ചോദ്യം അനുസരിച്ചുതന്നെ പുറത്തുവന്ന കണക്ക് ഒന്നര ലക്ഷം കോടിയിലധികം രൂപ പൊതു കടം വരുന്നു. ഈ വലിയൊരു ധനകാര്യ പ്രതിസന്ധിയിൽനിന്നും കേരളത്തെ രക്ഷിക്കാൻ അങ്ങ് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ഡോ. ടി. എം. തോമസ് ഐസക് :</u> സർ, ഇതിന് മറുപടി പറയുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ഒന്ന്, നമ്മുടെ ചെലവുകളൊക്കെ ചുരുക്കാൻ സാധിക്കില്ല. ചെലവിൽ ഏറ്റവും പ്രധാനപ്പെട്ടത് ശമ്പളം, പലിശ, പെൻഷൻ എന്നിവയാണ്. ഇത് ആർക്കെങ്കിലും കുറയ്ക്കാൻ കഴിയുമോ? അതുപോലതന്നെ മറ്റ് നിക്ഷേപങ്ങൾ കുറയ്ക്കാൻ കഴിയില്ല. പിന്നെ കുറയ്ക്കാൻ കഴിയുന്നത് നോൺ പ്ലാൻ

റവന്യൂ എക്സ്പെൻഡിച്ചറാണ്. പദ്ധതിയേതര റവന്യൂ ചെലവിൽനിന്ന് ശമ്പളവും പെൻഷനും പലിശയും കുറച്ചാൽ വരുന്ന തുക നിയന്ത്രിക്കാം. കഴിഞ്ഞ സർക്കാരിന്റെ കാലത്തിനുമുമ്പ് പദ്ധതിയേതര റവന്യൂ ചെലവിൽ നിന്ന് നമുക്ക് ഒരു കാരണവശാലും കുറയ്ക്കാൻ കഴിയാത്ത ശമ്പളവും പെൻഷനും പലിശയും കുറച്ചാൽ കിട്ടുന്ന തുക 25 ശതമാനത്തോളം വരുമായിരുന്നു. അത് 30 ശതമാനമായി വർദ്ധിച്ചു. അതാണ് ധൂർത്തിന്റെ സൂചകയെന്നു പറയുന്നത്. മറ്റ് ചെലവുകൾ വർദ്ധിച്ചതിനെക്കുറിച്ചല്ല പറയുന്നത്. ഇത് നിയന്ത്രിക്കാമായിരുന്നു. പക്ഷെ ഇത് നിയന്ത്രിച്ചില്ല. അവിടെ ഞങ്ങൾ നിയന്ത്രണം കൊണ്ടുവരും. രണ്ട്, നേരത്തെ ചോദിച്ച ചോദ്യത്തിന് മറുപടി പറഞ്ഞതുപോലെ വരുമാനത്തിന്റെ വളർച്ചാ നിരക്ക് പകുതിയായി കുറഞ്ഞു. അവിടെ തിരുത്തലുണ്ടാകണം. ഇന്നത്തെ സാഹചര്യത്തിൽ 20-25 ശതമാനത്തിനിടയ്ക്ക് നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ മാത്രമെ ഇന്നത്തെ ധനപ്രതിസന്ധിയിൽനിന്ന് രക്ഷപ്പെടാൻ കഴിയൂ. അതിനുള്ള കാര്യങ്ങൾ സർക്കാർ ആലോചിക്കും.

<u>ശ്രീ. എം. മുകേഷ്</u> : സർ, കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ആകെ എടുത്ത വായ്പ എത്രയായിരുന്നെന്നും അതിൽ എത്ര തുക വികസന മേഖലയിൽ ഉപയോഗിച്ചുവെന്നും പറയാമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇതിനുള്ള ഉത്തരം ഓഫ് ഹാൻഡായി പറയാൻ കഴിയില്ല. പ്രത്യേക ചോദ്യമായി തന്നുകഴിഞ്ഞാൽ നിശ്ചയമായും പറയാം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് സർക്കാരിന്റെ കടം ഇരട്ടിയായി. ഇനിയും അഞ്ച് വർഷം കഴിഞ്ഞ് നോക്കുമ്പോൾ കേന്ദ്ര സർക്കാർ അനുവദിച്ച കടമെടുത്തുകഴിഞ്ഞാൽ ഗണ്യമായ വർദ്ധനവ് വരും. പക്ഷെ ഇവിടെ ചോദ്യകർത്താവ് പറഞ്ഞതുപോലെ കാതലായ പ്രശ്നം, ഇതിൽ എത്ര കോടി രൂപ റവന്യൂ ചെലവിനു വേണ്ടിയും ദൈനംദിന ചെലവിനുവേണ്ടിയും ഉപയോഗിച്ചു എന്നതാണ്. ബഡ്ജറ്റിംഗ് തത്വമെന്നു പറയുന്നത്, റവന്യൂ ചെലവ് റവന്യൂ വരുമാനത്തിൽ നിന്നാകണം. അതാണ് റവന്യൂ കമ്മി പൂജ്യമാക്കാമെന്നു പറയുന്നതിന്റെ അർത്ഥം. എന്നാൽ ഇവിടെയുണ്ടായിരിക്കുന്നത് റവന്യൂ കമ്മി കൂടിക്കൂടി വരികയും എടുക്കുന്ന വായ്പ ഇവിടെ ചെലവഴിക്കുകയും അതിന്റെ ഫലമായി കോൺട്രാക്ടർമാർക്കെല്ലാം കുടിശ്ശിക ഉണ്ടാകുകയും ചെയ്യുന്നു. പുതിയ വൻകിട നിക്ഷേപങ്ങൾ എടുക്കാൻ നമുക്ക് കഴിയുന്നില്ല. അങ്ങനെ വരുമ്പോൾ പുറത്തുനിന്ന് വായ്പയെടുക്കേണ്ടിവരും. അപ്പോൾ അവർ നമ്മുടെ ബഡ്ജറ്റ് നോക്കും. എത്രയാണ് നമ്മുടെ റവന്യൂ കമ്മി, ഇത്രയും വലിയ റവന്യൂ കമ്മിയാണോ, ഇതിന്റെ ഉടമസ്ഥൻ സർക്കാരണല്ലോ, എന്ത്

വിശ്വസിച്ച് വായ്പ കൊടുക്കും എന്നവർ ആലോചിക്കും. നമ്മുടെ ഭാവിയെപ്പോലും നമ്മൾ പണയപ്പെടുത്തുന്ന ഒരു ചെലവ് രീതിയാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം ഇവിടെ അനുവർത്തിച്ചിരുന്നത്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, റവന്യൂ കമ്മി കുറയ്ക്കാനായി ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം കേന്ദ്രത്തിൽനിന്ന് ലഭിച്ച ഗ്രാന്റ് വ്യവസ്ഥകൾക്ക് വിധേയമായിരുന്നോ; എങ്കിൽ എന്തൊക്കെ വ്യവസ്ഥകൾക്ക് വിധേയമായിരുന്നു; ഈ വ്യവസ്ഥ നിലവിലെ സാമ്പത്തിക സ്ഥിതിയെ എങ്ങനെ ബാധിക്കുമെന്ന് പറയാമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, കേന്ദ്ര സർക്കാർ തരുന്ന നികുതി വിഹിതം വ്യവസ്ഥകൾക്ക് വിധേയമായിരിക്കും. എന്നാൽ നമ്മുടെ ഗ്രാന്റ് ഇനങ്ങൾ കൂടുതൽ കൂടുതൽ വ്യവസ്ഥകൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാന വ്യവസ്ഥ നമ്മുടെ ധന ഉത്തരവാദിത്ത നിയമത്തിന്റെ പുതുക്കിയ ടാർജറ്റുകൾ നമ്മൾ മീറ്റ് ചെയ്യണമെന്നാണ്. അത് മീറ്റ് ചെയ്തില്ലെങ്കിൽ ചിലയിനം ഗ്രാന്റുകൾ നഷ്ടപ്പെടും. ഇതുവരെ അങ്ങനെ വന്നിട്ടില്ല. പക്ഷെ അങ്ങനെയൊരു ഭീഷണി നമ്മുടെനേരെ നിലനിൽക്കുന്നുണ്ട്. നമ്മുടെ ധന ഉത്തരവാദിത്ത നിയമത്തിന്റെ നിബന്ധനകൾ പൂർണ്ണമായി പാലിച്ചിരുന്നെങ്കിൽ നമുക്ക് ഒരു

ശതമാനം കൂടുതൽ വായപ കിട്ടുമായിരുന്നു. കഴിഞ്ഞ സർക്കാർ അവസാനകാലത്ത് ഒരു ശതമാനം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കത്തെഴുതി. പക്ഷെ കിട്ടിയില്ല. തരാതിരിക്കാൻ പറഞ്ഞ കാരണം, നിങ്ങൾ ധന ഉത്തരവാദിത്ത നിയമത്തിന്റെ നിബന്ധനകൾ പാലിച്ചിട്ടില്ല, ലംഘിച്ചിരിക്കുന്നു, അതുകൊണ്ട് നിങ്ങൾക്ക് അവകാശമില്ലാ എന്നാണ്.

ശ്രീ. രമേശ് ചെന്നിത്തല : സർ, കേരള ഫിസ്കൽ റസ്പോൺസിബിലിറ്റി ആക്ട് പാസ്സാക്കിയത് പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണല്ലോ. അതിന്റെ അടിസ്ഥാനത്തിലാണ് കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ കഴിഞ്ഞ മൂന്നു വർഷത്തെ കാലത്തെ റിപ്പോർട്ട്. അത് ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള റിപ്പോർട്ട് തന്നെയാണ്. അതിൽ ചില കാര്യങ്ങൾ അന്നത്തെ സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുകയുണ്ടായി. പല സംസ്ഥാനങ്ങളിലും ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് ടോട്ടൽ ലെറ്റർ ആന്റ് സ്പിരിറ്റിൽ നടപ്പാക്കാനുള്ള പ്രയാസത്തെക്കുറിച്ച് അങ്ങേയ്ക്കറിയാം. പല സംസ്ഥാനങ്ങളിലും ഇത് എത്തിയിട്ടില്ല. കേന്ദ്രം വിഭാവനം ചെയ്തതുപോലെ എത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ധൂർത്തിനെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ. കഴിഞ്ഞ ഗവൺമെന്റ് പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ

ഉദാര സമീപനം സ്വീകരിച്ചു. എന്നാൽ വെൽഫയർ എന്ന കൺസപ്റ്റിന് മുൻതൂക്കം കൊടുത്തു. അതിന്റെ ഫലമായി ചെലവ് കൂടിയിട്ടുണ്ട്. കേരളത്തിന്റെ സാഹചര്യത്തിൽ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിനെ ലെറ്റർ ആൻറ് സ്പിരിറ്റിൽ നടപ്പാക്കാനുള്ള ബുദ്ധിമുട്ട് അങ്ങും നേരിടാൻ പോവുകയാണ്. ഫിസ്കൽ ഡെഫിസിറ്റ് കൊണ്ടുവരുമെന്ന് അങ്ങേയ്ക്ക് പൂർണ്ണമായി പറയാൻ കഴിയില്ല. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ വെൽഫയർ മെഷേഴ്സും രണ്ട് ശമ്പള കമ്മിഷൻ നടപ്പാക്കേണ്ട ബാധ്യതയും കഴിഞ്ഞ ഗവൺമെന്റിനുണ്ടായിരുന്നു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള നടപടികളാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചത്. എനിക്ക് ചോദിക്കാനുള്ള ചോദ്യം പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഏതെല്ലാം ഭാഗങ്ങൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്; അങ്ങ് അതിൽ എന്തെല്ലാം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ചോദ്യത്തിനെ സംബന്ധിച്ച് നോട്ടീസ് തന്നാൽ പഠിച്ച് മറുപടി പറയാം. എക്സ്പെൻഡീച്ചർ റിവ്യൂ കമ്മിറ്റിയുടെ മൂന്നു വർഷത്തെ നിർദ്ദേശങ്ങൾ ഇപ്പോൾ കൈവശമില്ല. പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു കാര്യം പറയുകയുണ്ടായി. പെൻഷൻ പോലെയുള്ള കാര്യങ്ങൾ കൊടുത്തതുകൊണ്ടാണ്

റവന്യൂ കമ്മി വർദ്ധിച്ചത്, അത് അനിവാര്യമാണ്; നമുക്കൊന്നും ചെയ്യാൻ സാധിക്കില്ലെന്നുമാണ്. ഞാൻ നേരത്തെ പറഞ്ഞു, ഇതിനുമുമ്പുള്ള പത്ത് വർഷത്തിന്റെ ട്രന്റ് തുടർന്നിരുന്നെങ്കിൽ ഇന്ന് റവന്യൂ കമ്മിയുണ്ടാവില്ലായിരുന്നു. ധവളപത്രത്തിൽ അത് വളരെ വ്യക്തമാണ്. ക്ഷേമപ്രവർത്തനങ്ങളിൽ കഴിഞ്ഞ പത്ത് വർഷം നടന്നതിനേക്കാൾ എന്ത് കേമത്വമാണ് ഇപ്പോൾ വന്നിട്ടുള്ളത്. നോൺ പ്ലാൻ റവന്യൂ എക്സ്പെൻഡീച്ചറിൽ ശമ്പളം, പെൻഷൻ, ഇന്ററസ്റ്റ് കഴിഞ്ഞാൽ കിട്ടുന്ന പണം മുഴുവൻ ധൂർത്താണെന്നല്ല ഞാൻ പറയുന്നത്. എന്നാൽ അതിലാണ് ധൂർത്തിന്റെ കമ്പോണന്റ് വരുന്നത്. അത് 25 ശതമാനമായിരുന്നത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 30 ശതമാനമായി വർദ്ധിച്ചു. അതിനെയാണ് ഞങ്ങൾ വിമർശിച്ചത്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചതിന്റെ ഒരു തുടർച്ച തന്നെയാണ്. അങ്ങ് പറയുന്ന ഉത്തരത്തിൽനിന്ന് കിട്ടുന്ന ഒരു മെസേജ്, കഴിഞ്ഞ ഗവൺമെന്റിൽനിന്ന് വ്യത്യസ്തമായി ഒരുപാട് ക്ഷേമപ്രവർത്തനങ്ങൾക്കും വികസനങ്ങൾക്കും അതുപോലെ ശമ്പളം, പെൻഷൻ ഇതുപോലെയുള്ള അനിവാര്യചെലവുകൾക്ക് ഒരു നിയന്ത്രണം വരുമെന്നാണോ? അസറ്റ് ഉണ്ടാക്കുന്നതിൽ വിരോധമില്ല; അസറ്റെങ്കിലും അവിടെയുണ്ടാകുമല്ലോ

എന്നും അങ്ങ് പറയുന്നുണ്ട്. ഇക്കാര്യത്തിൽ ഒരു കൺഫ്യൂഷനുണ്ട്. വരുമാനവർദ്ധനവിനുവേണ്ടി എന്ത് സമീപനമാണ് അങ്ങ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ കൺഫ്യൂഷൻ തീർക്കുന്നതിൽ സന്തോഷമേയുള്ളൂ. ഒന്ന്, ഈ സർക്കാരിന്റെ ആദ്യ തീരുമാനം ക്ഷേമപെൻഷൻ 1000 രൂപയാക്കലാണ്. അതുകൊണ്ട് ക്ഷേമപ്രവർത്തനങ്ങളിൽ ഒരു കുറവും വരുത്താൻ ഉദ്ദേശിക്കുന്നില്ല. രണ്ട്, എന്നാൽ ഞാൻ നേരത്തെ സൂചിപ്പിച്ച ധൂർത്തിന്റെ സൂചിക ഗണ്യമായി കുറക്കും. മൂന്ന്, അപ്പോൾ അതിന് വരുമാനം എവിടെ നിന്നാണ്? റവന്യൂ വരുമാനവും നികുതി വരുമാനം കഴിഞ്ഞ മൂന്നുവർഷമായി 10-12 ശതമാനത്തിൽ നിന്നത് നേരെ ഇരട്ടിയാക്കി വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. നാല്, എന്നാലും അധികം മിച്ചം വയ്ക്കാൻ ഉണ്ടാകില്ല. മിച്ചം വയ്ക്കുന്ന പണമുപയോഗപ്പെടുത്തി, അതിന്റെ പല മടങ്ങ് പണം പുറത്തുനിന്ന് ലിവറേജ് ചെയ്ത് മൂലധനച്ചെലവ് വർദ്ധിപ്പിക്കും. ഇതാണ് കൃത്യമായി ചെയ്യാൻ പോകുന്നത്.

## ഊർജ്ജ വികസന പ്രവർത്തനങ്ങൾ

(*33) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പരിസ്ഥിതിക്ക് അനുയോജ്യമായും ചെലവു ചുരുങ്ങിയ രീതിയിലും സംസ്ഥാനത്ത് ഊർജ്ജ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കെ.എസ്.ഇ.ബി. യുടെ തനതായ പദ്ധതികൾ ഏതെല്ലാമെന്നും സംസ്ഥാന പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി പുതുക്കിയ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ഉണ്ട്. പരിസ്ഥിതിക്ക് അനുയോജ്യമായ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ്, ചെറുകിട ജലവൈദ്യുതി എന്നിവയിൽ നിന്നുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ ലക്ഷ്യമിടുന്നു. എന്നാൽ ഇത്തരം പദ്ധതികൾക്ക് മൂലധന ചെലവ് ഇപ്പോൾ കൂടുതലാണ്.

(ബി) പരിസ്ഥിതിക്ക് അനുയോജ്യമായ പാരമ്പര്യേതര വൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി. മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നിലവിൽ ആകെ 66.9 മെഗാവാട്ട് ശേഷി വരുന്ന 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നടന്നു വരുന്നു. പുറമെ 142.5 മെഗാവാട്ടിനുള്ള 16 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സൗരോർജ്ജത്തിൽ നിന്നും 72.53 മെഗാവാട്ടും കാറ്റിൽ നിന്നും 42.375 മെഗാവാട്ടിന്റെ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) മേൽപരാമർശിച്ച പദ്ധതികൾക്കും പുതിയ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷനും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇപ്രകാരം പുതിയ ജലവൈദ്യുത പദ്ധതികൾക്കായി 27 കോടി രൂപയും പുതിയ ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റിഗേഷനായി ഒരു കോടി രൂപയും കാറ്റ്, സൗരോർജ്ജം എന്നീ സ്രോതസ്സുകൾ വഴി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി വരുന്ന പദ്ധതികൾക്കായി 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, പരിസ്ഥിതിക്ക് കുറഞ്ഞ ആഘാതം വരുത്തുന്ന കൂടുതൽ ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം ഗവൺമെന്റ്

ഗൗരവമായി ആലോചിക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നു. ഇതു സംബന്ധിച്ച് തൽപ്പരകക്ഷികളുമായി ആലോചന നടത്തുമെന്നുമാണ് പറയുന്നത്. സമയബന്ധിതമായി ഇക്കാര്യത്തിൽ നയം ആവിഷ്കരിക്കുമോ; സംസ്ഥാനത്ത് ഇതുപോലെയുള്ള ഏതൊക്കെ ജലവൈദ്യുത പദ്ധതികളാണുള്ളത്; സമയബന്ധിതമായി ഇതൊരു പരിപാടിയായി ഏറ്റെടുക്കാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുണ്ട്. ഇടുക്കി ജില്ലയിൽ അപ്പർ കല്ലാർ (2 MW), ചിന്നാർ (24 MW), അപ്പർ ചെങ്കുളം (24 MW), ലാഡ്രം (3.5 MW), വെസ്റ്റേൺ കല്ലാർ (5 MW), പീച്ചാട് (3 MW), ദേവിയാർ (24 MW), കോട്ടയത്ത് മാർമല (7 MW), തൃശ്ശൂരിൽ ആനക്കയം (7.5 MW), കോഴിക്കോട് - ഒലിക്കൽ (5 MW), പൂവാരംതോട് (3 MW), ചെമ്പുക്കടവ് III (7.5 MW), പെരുവണ്ണാമുഴി (6 MW), മരിപ്പുഴ (6 MW), വാളാംതോട് (7.5 MW), കണ്ണൂരിൽ പഴശ്ശി സാഗർ (7.5 MW). അങ്ങനെ 142.5 മെഗാവാട്ടിന്റെ ചെറുകിട ജലവൈദ്യുത പദ്ധതികൾ പരിസ്ഥിതിക്ക് അനുയോജ്യമായ തരത്തിൽ ആരംഭിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ എടുക്കുന്നതാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, എന്റെ ആദ്യചോദ്യം അതല്ല. പരിസ്ഥിതിക്ക് കുറഞ്ഞ ആഘാതം ഏൽപ്പിക്കുന്ന നിലവിലുള്ള ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെയുള്ള പദ്ധതികൾ പ്രധാനമായും ഏതെല്ലാമാണ്; അതിരപ്പിള്ളി ഇതിനകത്ത് ഉൾപ്പെടുമോ; അങ്ങനെയുണ്ടെങ്കിൽ എത്ര പദ്ധതികളുണ്ട്; ഈ ആലോചനകൾ നീണ്ടുപോകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഈ ഗവൺമെന്റിന്റെ നയമാണ് ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞത്. പരിസ്ഥിതിക്ക് അനുയോജ്യമായ പദ്ധതികളെ സംബന്ധിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഏതെല്ലാം പദ്ധതികളാണോ പരിസ്ഥിതിക്ക് അനുയോജ്യമായി സ്വീകരിക്കാൻ സാധിക്കുക, അതെല്ലാം പരിശോധിച്ചുവരികയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, മൂവാറ്റുപുഴ നദീതട പ്രദേശത്തിലെ വടക്കേപ്പുഴ റിസർവോയറിൽ നിന്ന് 0.474 ക്യൂബിക് മി.മീ. അധികജലം 240 hp അധികയൂണിറ്റ് പമ്പ് ചെയ്ത് ഇടുക്കി റിസർവോയറിലേയ്ക്ക് തിരിച്ചുവിട്ട് ഊർജ്ജോല്പാദനം നടത്തി വരുന്ന പദ്ധതിയാണ് വടക്കേപ്പുഴ റിസർവോയർ പദ്ധതി. നിലവിൽ താല്ക്കാലിക ബണ്ട് നിർമ്മിച്ചാണ് പ്രസ്തുത പദ്ധതി കമ്മിഷൻ ചെയ്തിട്ടുള്ളത്.

ഡാമിന്റെ വൃഷ്ടിപ്രദേശത്ത് കനത്ത മഴ പെയ്യുമ്പോൾ; പമ്പുകൾ പ്രവർത്തനരഹിതമാകുമ്പോൾ വടക്കേപ്പുഴ നിറഞ്ഞുകവിയുകയും താഴെത്തലങ്ങളിൽ താമസിക്കുന്നവർക്ക് കൂടുതൽ ഭീതി ഉളവാകുകയും ചെയ്യുന്നുണ്ട്. അതിന്റെ ബലക്ഷയത്തെക്കുറിച്ചുള്ള ആശങ്കകളും നിലവിലുണ്ട്. അതിനുപകരമായി ഒരു സ്ഥിരം ബണ്ട് നിർമ്മിച്ച് കൂടുതൽ ജലം ശേഖരിച്ച് വടക്കേപ്പുഴയിൽ നിന്ന് പമ്പ് ചെയ്യുന്ന ജലം ഇടുക്കിയിലേയ്ക്ക് കൂടുതലായി എത്തിച്ച് കൂടുതൽ ഊർജ്ജോല്പാദനത്തിനുവേണ്ടിയുള്ള ശ്രമം നടത്തുകയും അതോടൊപ്പം പുതിയ ബണ്ട് നിർമ്മിക്കുന്നതിലൂടെ ജനങ്ങൾക്കുള്ള ആശങ്കയകറ്റുന്നതിന് വേണ്ടിയുള്ള ഒരു പഠനം നടത്തി വടക്കേപ്പുഴ ഡൈവർഷൻ സ്കീമിനെ പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇത് പരിശോധിച്ച് മറുപടി പറയേണ്ടതായിട്ടുള്ള ചോദ്യമാണ്. അങ്ങ് പ്രത്യേകമായി എഴുതി തന്നാൽ അക്കാര്യത്തെ സംബന്ധിച്ച് പരിശോധിച്ച് സഭയിൽ മറുപടി പറയുന്നതാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, വൈദ്യുതി രംഗത്ത് വിവിധങ്ങളായ വികസനപദ്ധതികൾ നടപ്പാക്കുന്നതിനെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഈ പദ്ധതികളുടെ പൂർണ്ണ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്ന

വിധത്തിലുള്ള വിവിധ നടപടികൾ ഗവൺമെന്റ് സജീവമായി പരിഗണിക്കേണ്ടതായിട്ടുണ്ട്. അപകടാവസ്ഥയിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മറിഞ്ഞുവീണതിനുശേഷമാണ് കെ.എസ്.ഇ.ബി. പോലും അതിൽ നടപടി സ്വീകരിക്കാൻ തയ്യാറാകുന്നത്. അതിനുള്ള ഇടപെടലുകൾ ജനപ്രതിനിധികൾ നടത്തുമ്പോൾ ഇത് പഞ്ചായത്ത് പണം സ്വരൂപിച്ച് കെട്ടണം അല്ലെങ്കിൽ എം.എൽ.എ. ഫണ്ടിൽ നിന്നും കെട്ടണമെന്നുമാണ് കെ.എസ്.ഇ.ബി.-യുടെ ഭാഗത്തു നിന്നും വരുന്ന മറുപടി. ഇത്തരം ഉത്തരവാദിത്വത്തിൽ നിന്ന് കെ.എസ്.ഇ.ബി. ഒഴിഞ്ഞുമാറുന്നതായിട്ടാണ് പലപ്പോഴും ശ്രദ്ധയിൽ വരുന്നത്. ഇത്തരം അപകടാവസ്ഥയുള്ള പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് ജനങ്ങളെ സഹായിക്കാൻ കഴിയുന്ന ഒരു നിലപാട് ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. അങ്ങ് ഇക്കാര്യം പ്രത്യേകമായി പരിശോധിക്കുവാനും അതോടൊപ്പം മുൻവൈദ്യുതി മന്ത്രിയായിരുന്ന ബഹുമാന്യനായ എം.കെ. ബാലന്റെ സമയത്ത് സമ്പൂർണ്ണ വൈദ്യുതീകരണം എന്ന നിലയിൽ ഒരു പദ്ധതി നടപ്പാക്കി. വിജയകരമായ നടപ്പാക്കിയ ഒരു പദ്ധതിയാണ്. എം.എൽ.എ. മാരുടെ ഫണ്ട് കൂടി അതിൽ കോൺട്രിബ്യൂട്ട് ചെയ്തുകൊണ്ടാണ് ആ പദ്ധതി നടപ്പിലാക്കിയത്. പിന്നീട് വിവിധ കാരണങ്ങളാൽ അത് നടന്നില്ല. എം.എൽ.എ. മാരുടെ ഫണ്ട് കൊണ്ട് മാത്രം ഇത് നടത്താൻ പ്രായോഗികമായി

കഴിയാത്ത അവസ്ഥയുണ്ട്. അപ്പോൾ ഗവൺമെന്റിന്റെ കൂടി സഹായത്തോടെ വൈദ്യുതി ബോർഡിന്റെ അടക്കം വിവിധ ഏജൻസികളുടെ സഹായത്തോടെ ഇത്തരത്തിൽ ഒരു പദ്ധതി ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള ഒരു കർമ്മപരിപാടിക്ക് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് ചോദിച്ച ആദ്യത്തെ ചോദ്യം പോസ്റ്റ് ഒടിഞ്ഞ് വീഴുക തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചാണ്. അത് എപ്പോൾ ഒടിഞ്ഞ് വീഴുമെന്ന് നമുക്ക് മുൻകൂട്ടി പറയാൻ സാധിക്കുകയില്ല. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ വലിയ ചുഴലിക്കാറ്റ് ഉണ്ടായി എന്ന് പറയാൻ സാധിക്കുകയില്ല. പക്ഷേ ആയിരത്തിൽ പരം പോസ്റ്റുകൾ ഒരു രാത്രിയിൽ എതാണ്ട് ഒരു മണിക്കൂർ നീണ്ടുനിന്നതായ കാറ്റിൽ ഒടിഞ്ഞ് വീഴുന്ന സ്ഥിതിയുണ്ടായി. വലിയ കാറ്റടിക്കുമ്പോൾ പോസ്റ്റിന്റെ പരിസരത്തോ ലൈനിന്റെ പരിസരത്തോ നിൽക്കുന്ന വലിയ മരങ്ങൾ കടപുഴകി ലൈനിൽ വീണ് ഒരു കൂട്ടം പോസ്റ്റുകൾ ഒരുമിച്ച് ഒടിയുന്ന സ്ഥിതിയാണുള്ളത്. ആയിരത്തോളം വരുന്ന പോസ്റ്റുകൾ ഒടിഞ്ഞ് വീണിട്ടുപോലും യുദ്ധകാലാടിസ്ഥാനത്തിൽ എതാണ്ട് മൂന്ന് നാല് ദിവസം കൊണ്ട് എല്ലാം പൂർത്തീകരിച്ച് നടപ്പിലാക്കാനായിട്ട് ശ്രമിച്ചിട്ടുണ്ട്. അത് സാധിച്ചിട്ടുണ്ട്. മൺസൂൺ പൂർവ്വകാല പ്രവർത്തനങ്ങൾ കഴിഞ്ഞ

സന്ദർഭങ്ങളിൽ നടന്നിരുന്നില്ല. ഇലക്ഷന്റേതായ സാഹചര്യത്തിൽ ഗവൺമെന്റ് ഇടപെട്ടോ എങ്ങനെയെന്നറിയില്ല, ആ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്ന ഒരു അവസ്ഥാവിശേഷമുണ്ടായി. തെരഞ്ഞെടുപ്പിന്റെ പ്രചാരണ പ്രവർത്തനങ്ങൾ നടക്കുന്ന ഘട്ടമായിരുന്നു മൺസൂൺ പൂർവ്വകാല പ്രവർത്തനങ്ങൾ നടക്കേണ്ടത്. ആ സന്ദർഭത്തിൽ നടക്കാതെ പോയതിന്റേതായിട്ടുള്ള ദുരന്തമാണ് യഥാർത്ഥത്തിൽ ഈ അടുത്ത കാലത്ത് ചെറിയ മഴയും കാറ്റും വന്നപ്പോൾ തന്നെ വൈദ്യുതി രംഗത്ത് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് കാരണമായിട്ട് മാറിയത്. മറ്റൊന്ന് അങ്ങ് പറയുന്നത് സമ്പൂർണ്ണ വൈദ്യുതീകരണമാണ്. അത് ഈ ഗവൺമെന്റിന്റെ നയമെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ പ്രഖ്യാപിച്ച കാര്യമാണ്. 2017-ൽ, നമ്മുടെ സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് എത്തിക്കുന്നതിനുവേണ്ടിയുള്ള ബഹുമുഖമായിട്ടുള്ള ഒരു പദ്ധതിക്കാണ് ഗവൺമെന്റ് രൂപം നൽകുന്നത്. അതിൽ എം.എൽ.എ. മാരുടെ കോൺട്രിബ്യൂഷൻ, എം.പി. മാരുടെ കോൺട്രിബ്യൂഷൻ, തദ്ദേശസ്ഥാപനങ്ങളുടെ കോൺട്രിബ്യൂഷൻ തുടങ്ങി ആരുടെയെല്ലാം കോൺട്രിബ്യൂഷൻ ഇക്കാര്യത്തിൽ സ്വീകരിക്കാൻ സാധിക്കുമോ അതെല്ലാം സ്വീകരിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

<u>ഡോ. എൻ. ജയരാജ്</u>: സർ, കഴിഞ്ഞ രണ്ട് ഗവൺമെന്റിന്റെ കാലത്തും വളരെയേറെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ് കൂടംകുളം-ഇടമൺ പവർ ഹൈവേ. ഏതാണ്ട് 149 കിലോ മീറ്റർ നീളത്തിൽ 46 മീറ്റർ വീതിയിലാണ് ഈ ഹൈവേ കടന്നുപോകുന്നത്. ഏതാണ്ട് രണ്ടായിരത്തോളം ഏക്കർ സ്ഥലം പൂർണ്ണമായി തന്നെ കൃഷിയോഗ്യമല്ലാത്ത രീതിയിലേക്ക് മാറുന്ന സാഹചര്യമുണ്ടാകും. പരിസ്ഥിതി അനുയോജ്യമായ ചെലവ് ചുരുക്കിയ പദ്ധതിയെ സംബന്ധിച്ചാണ് എന്റെ ചോദ്യം. ഏതാണ്ട് 266 മെഗാ വാട്ട് വൈദ്യുതിയാണ് കൂടംകുളത്ത് നിന്ന് കേരളത്തിന് കിട്ടാനുള്ളത്, യഥാർത്ഥത്തിൽ കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. ഉദുമൽപേട്ട വഴി അതോടൊപ്പം തന്നെ പോത്തൻകോട്ടേക്കും ലൈനുകൾ വലിച്ചതുകൊണ്ട് വൈദ്യുതി കിട്ടുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ, പ്രത്യേകിച്ച് കൃഷിക്കാരുടെ ഇടയിൽ വളരെയേറെ ആശങ്കകളുണ്ട്. അടിസ്ഥാനപരമായി ഈ പദ്ധതി നടപ്പാക്കുമ്പോൾ കൃഷിക്കാരുടേയും അതോടൊപ്പം പാരിസ്ഥിതികമായ പ്രശ്നങ്ങളും പരിഗണിച്ചുകൊണ്ട് ഒരു ആൾട്ടർനേറ്റീവ് ലൈനിനെ കുറിച്ചുള്ള ഒരു ഡിസ്കഷൻ നേരത്തെ ഉണ്ടായിരുന്നു. അതിന് ഗവൺമെന്റ് തയ്യാറാകുമോ? അതോടൊപ്പം തന്നെ ജലവൈദ്യുത പദ്ധതികൾ മാത്രമല്ല മറ്റ് ഇതര പദ്ധതികൾക്കു കൂടി പരിസ്ഥിതി ആഘാത പഠനങ്ങൾ നിർബന്ധമാക്കാൻ ഗവൺമെന്റ് നടപടി

സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കഴിഞ്ഞ ഗവൺമെന്റ് പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്ന കാര്യത്തിലാണ് പ്രധാനപ്പെട്ട ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ഉത്പാദനത്തിന്റെ കാര്യത്തിൽ വേണ്ടത്ര പരിഗണന കൊടുക്കാൻ എന്ത് കൊണ്ടെന്നറിയില്ല, കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചിരുന്നില്ല. പുറത്തുനിന്ന് വൈദ്യുതി കിട്ടാൻ തുടങ്ങിയപ്പോൾ ഇഷ്ടംപോലെ വാങ്ങിക്കുന്ന ഒരു സ്ഥിതിയുണ്ടായി. അങ്ങനെ വാങ്ങി കഴിഞ്ഞാൽ സംസ്ഥാനത്തേക്ക് കൊണ്ട് വരിക എന്നുള്ളത് മാത്രമെ മാർഗ്ഗമുള്ളൂ. അതിന് സ്വാഭാവികമായും ചില പ്രശ്നങ്ങളുണ്ടാകും. ആ പ്രശ്നമുള്ള സ്ഥലങ്ങളിലെല്ലാം നമുക്ക് കൂടിയാലോചന നടത്തി കൃഷിക്കാർക്ക് വിഷമമുണ്ടാകാത്ത തരത്തിൽ ലൈൻ വലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക മാത്രമേ ഇനി നമ്മുടെ മുന്നിൽ വഴിയുള്ളൂ. എതാണ്ട് എഴായിരം കോടി രൂപയുടെ വൈദ്യുതി പുറത്തു നിന്ന് വാങ്ങുകയാണ് എന്നുള്ള കാര്യം നമ്മൾ കാണണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ലഭിക്കേണ്ട കാര്യത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ഇപ്പറയുന്ന ലൈൻ. ബഹുമാനപ്പെട്ട അംഗവും, കോട്ടയം ജില്ലയിലെ

ജനപ്രതിനിധികളും, കോട്ടയം ജില്ലയിലെ മറ്റ് ബഹുജനസംഘടനകളും എല്ലാം ഒത്തൊരുമിച്ച് തന്നെ ആ ലൈൻ വലിക്കാനുള്ള സാഹചര്യമാണ് സൃഷ്ടിക്കേണ്ടത്. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ലഭ്യമാകുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു ലൈനാണത്. അതിനുള്ള തടസ്സം നീക്കി ആ ലൈൻ വലിക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്.

<u>മി. സ്പീക്കർ:</u> 33-ാം നമ്പർ ചോദ്യവും 49-ാം നമ്പർ ചോദ്യവും ക്ലബ് ചെയ്യണമെന്ന് ശ്രീ. സണ്ണി ജോസഫിന്റെ ഒരു റിക്വസ്റ്റുണ്ട്; ചോദ്യവും ഉത്തരങ്ങളും തമ്മിൽ വിഭിന്നമായതുകൊണ്ട് അത് അനുവദിക്കുന്നില്ല.

<u>ശ്രീ. ബി. സത്യൻ:</u> സർ, അങ്ങയെ അഭിനന്ദിക്കുകയാണ്.... കഴിഞ്ഞ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാൻ വേണ്ടിയിട്ടുള്ള ഒരു പദ്ധതി തയ്യാറാക്കി. കഴിഞ്ഞ ഗവൺമെന്റ് അത് പൂർണ്ണമായി തകർത്തു. അത് കാരണം നിലച്ചുപോയ പദ്ധതികൾ പലതുമുണ്ട്. ശ്രീ. എ. കെ. ബാലൻ തറക്കല്ലിട്ട 10 കോടിയുടെ ആറ്റിങ്ങൽ ... ആറ്റിങ്ങൽ പട്ടണം ഒരു ചരിത്ര നഗരമാണ് ഒരു പിൽഗ്രിം സെന്ററാണ് ഒരു ടൂറിസം സെന്ററാണ്. തിരുവനന്തപുരം പട്ടണം കഴിഞ്ഞാൽ ഏറ്റവും അതിപ്രശസ്തമായിട്ടുള്ള നഗരം ആറ്റിങ്ങലും വർക്കലയും ഒക്കെ വരുന്ന പ്രദേശമാണ്. അവിടെ ആ 10 കോടിയുടെ പദ്ധതി ആരംഭിക്കുകയും

ഏതാണ്ട് 30 കിലോ മീറ്റർ എൽ.ടി. ലൈൻ വലിക്കുകയും അതുവഴി വലിയ മാറ്റമുണ്ടാക്കാൻ കഴിയുകയും ചെയ്തു. അതിന്റെ ഭാഗമായി 33 കെ.വി. സബ്സ്റ്റേഷന് ശ്രീ. എ. കെ. ബാലൻ തറക്കല്ലിട്ടു. ആ ഒറ്റ കാരണം കൊണ്ട് ആ പദ്ധതി നടപ്പിലാക്കേണ്ടാ എന്ന് ബോർഡ് തീരുമാനിച്ചു. നിരന്തരമായി നടത്തിയ പരിശ്രമങ്ങളെല്ലാം തമസ്കരിക്കുകയും ഇപ്പോൾ എട്ടാം മാസം ആ പീരിഡ് അവസാനിക്കുകയുമാണ്.......

മി. സ്പീക്കർ: ചോദ്യം ചോദിക്കൂ........

ശ്രീ. ബി. സത്യൻ: സർ, അതെ... ചുരുക്കി ചോദിക്കുന്നു.....എട്ടാം മാസം ആ പദ്ധതി പീരിഡ് അവസാനിക്കുകയാണ്.......അങ്ങ് മുൻകൈ എടുത്തിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. ആ ഉദ്യോഗസ്ഥന്മാരുമായി ചർച്ച ചെയ്ത് അതിന്റെ നിർമ്മാണം........

മി. സ്പീക്കർ: ചോദ്യം........ചോദ്യത്തിലേക്ക് വരൂ..... സമയം കഴിയാറായി........

ശ്രീ. ബി. സത്യൻ: 50 ശതമാനം കേന്ദ്ര ഫണ്ടാണ്. ആ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം.....ആരംഭിക്കുന്നതിന് വേണ്ടി അങ്ങ് തീരുമാനിക്കുമോ മുൻകൈ എടുക്കുമോ അത് നടപ്പിലാക്കാൻ കഴിയുമോ എന്നാണ് ചോദ്യം?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശ്രീ. എ.കെ. ബാലൻ തറക്കല്ലിട്ട പദ്ധതി പൂർത്തീകരിക്കുക എന്നുള്ളത് എന്റെ ഉത്തരവാദിത്വമാണ്, അത് നിർബന്ധമായും പൂർത്തീകരിക്കാൻ ആവശ്യമായിട്ടുള്ള കാര്യം ചെയ്യും.

ശ്രീ. കെ. മുരളീധരൻ: സർ, കേരളം ഇന്ന് നേരിടുന്ന വൈദ്യുതി പ്രതിസന്ധി, അതിന്റെ പരിഹാരം ജലവൈദ്യുത പദ്ധതികൾ മാത്രമാണ്. എന്റെ ചോദ്യം രണ്ട് ഭാഗത്തും പ്രശ്നമുണ്ടാക്കുമെന്ന് എനിക്ക് അറിയാം. പക്ഷേ എനിക്ക് ചോദിക്കാനുള്ളത്, ഇച്ഛാശക്തിയോടു കൂടി അതിരപ്പിള്ളി പദ്ധതി നടപ്പാക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഈ ഗവൺമെന്റ് വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ കൃത്യമായിട്ടുള്ള ഒരു നയം പ്രഖ്യാപിച്ച് കഴിഞ്ഞിട്ടുണ്ട്. ആ നയം പരിസ്ഥിതി സൗഹൃദമായിട്ടുള്ള വികസനം എന്നുള്ളതാണ്. പരിസ്ഥിതി സൗഹൃദത്തിന് തടസ്സമുണ്ടാകുന്ന ഒരു വികസന യജ്ഞത്തിനും ഈ ഗവൺമെന്റ് തയ്യാറല്ലെന്നാണ് അതിന്റെ അർത്ഥം. പരിസ്ഥിതി സൗഹൃദമാണോ എന്നുള്ള കാര്യം വിവിധ തലത്തിൽ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. അതിരപ്പിള്ളിയുടെ കാര്യമായിരുന്നാലും ചീമേനിയുടെ കാര്യമായിരുന്നാലും പരിസ്ഥിതി സൗഹൃദമാണോയെന്ന് ജനങ്ങളുടെ അഭിപ്രായത്തെ മാനിച്ച് വിശദമായ

ചർച്ചകൾക്ക് വിധേയമാക്കുന്നതിനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, 2017 ഓടുകൂടി കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ ജലവൈദ്യുത പദ്ധതികൾ കൂടാതെ മറ്റ് നിരവധി വൈദ്യുത പദ്ധതികൾ നിലവിലുണ്ട്. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത് പലതും അടച്ചുപൂട്ടിക്കൊണ്ട് വൈദ്യുതി പുറത്തുനിന്ന് വാങ്ങുകയാണ് ഉണ്ടായത്. അങ്ങനെ അടച്ചുപൂട്ടപ്പെട്ടതോ അല്ലെങ്കിൽ നമ്മുടെ സംസ്ഥാന സർക്കാർ നഷ്ടപരിഹാരം കൊടുത്തുകൊണ്ടിരിക്കുന്നതോ ആയ ഈ പദ്ധതികൾ മികച്ച നിലയിൽ പുനഃരാരംഭിക്കുന്നതിനുവേണ്ട നടപടികൾ അങ്ങയുടെ ഭാഗത്തു നിന്ന് ഉണ്ടാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മുടങ്ങി കിടക്കുന്ന എല്ലാ പദ്ധതികളും പുനഃരാരംഭിക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ തുടങ്ങിയിട്ടുണ്ട്. മുടങ്ങിക്കിടക്കുന്ന എല്ലാ പദ്ധതികളും പുനഃരാരംഭിക്കുന്നതിനുവേണ്ടിയുള്ള തടസ്സങ്ങൾ നീക്കുക തന്നെ ചെയ്യും ജലവൈദ്യുത പദ്ധതികൾ മാത്രമല്ല മറ്റെല്ലാ സ്രോതസ്സുകളും, വൈദ്യുതി ലഭ്യമാകുന്ന എല്ലാ സ്രോതസ്സുകളും ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ് ഗവൺമെന്റ് ഏർപ്പെട്ടിട്ടുള്ളത്.

ശ്രീ. വി. റ്റി. ബൽറാം: സർ, ഈയിടെ ധനമന്ത്രിയുടെ ഒരു പ്രസ്താവന

ഫെയിസ്ബുക്കിലൂടെ വളരെ ശ്രദ്ധയാകർഷിക്കപ്പെട്ടു. "ഇവിടെ എൽ.ഇ.ഡി. ബൾബുകൾ വ്യാപകമായി വിതരണം ചെയ്താൽ ഏതാണ്ട് 250 കോടി രൂപ കൊണ്ട് ഇന്ന് അതിരപ്പിള്ളി പദ്ധതിയിൽ നിന്ന് ലക്ഷ്യമാക്കുന്ന വൈദ്യുതി ഉണ്ടാക്കാൻ സാധിക്കും." അപ്പോൾ ഇത്തരത്തിലുള്ള ബദൽ ഊർജ്ജ സാധ്യതകളെ തേടിക്കൊണ്ട് മെഗാ വാട്ടുകൾക്ക് പകരം നെഗാ വാട്ടുകളെ (നെഗറ്റീവ് വാട്ടുകൾ) കുറിച്ച്, നമ്മൾ സേവ് ചെയ്യുന്ന എനർജിയെ കുറിച്ച് ചിന്തിക്കുന്ന ഒരു ബദൽ നയം ആവിഷ്ക്കരിക്കാൻ സാധിക്കുമോ? എതാണ്ട് 1500 കോടി രൂപ ചെലവ് ഇപ്പോൾ തന്നെ പ്രതീക്ഷിക്കുന്ന അതിരപ്പിള്ളി പദ്ധതിക്കു അപ്പുറത്ത്, എൻവയോൺമെന്റൽ ഡിസാസ്റ്റർ ആകാൻ സാധ്യതയുള്ള ആ പദ്ധതിക്ക് അപ്പുറത്ത് ഭാവനാ സമ്പന്നമായിട്ടുള്ള ബദൽ ഊർജ്ജ സാധ്യതകളെ തേടാൻ ഗവൺമെന്റ് തയ്യാറാകുമോ? അതിരപ്പിള്ളി പദ്ധതി എന്നെന്നേക്കുമായി ഉപേക്ഷിക്കണമെന്നാണ് എന്റെ അഭിപ്രായം. ആ അഭിപ്രായം ഗവൺമെന്റിന് സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ നേരത്തെ വിശദീകരിച്ച് കഴിഞ്ഞു. ഊർജ്ജം ഉത്പാദിപ്പിക്കാൻ കഴിയുന്ന എല്ലാ സ്രോതസ്സുകളും ഉപയോഗപ്പെടുത്തുക എന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ നയം; അതിരപ്പിള്ളിയുടെ കാര്യത്തിൽ നിങ്ങൾ തമ്മിൽ ഒരു അഭിപ്രായ ഐക്യമുണ്ടാക്കിയാൽ നമുക്ക് അത്

ആലോചിക്കാവുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)